
# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 2 ■ OCTOBER 2003

"We should all have **the right to education.**
Being illiterate is serious handicap"



## ഈ ലക്കത്തിൽ

- കാന്റർബറി ആർച്ച്ബിഷപ്പ് ഡോ. റോവൻ വില്യംസ്
- ഡോ. തോമസ് മാർ അത്താനാസ്യോസ്
- ഡോ. ഡി. ബാബു പോൾ
- ഡോ. ജോർജ് എം. തോമസ്
- സ്വാമി അഗ്നിവേശ് & വത്സൻ തമ്പു
- ഡോ.ഡി. ബഞ്ചമിൻ തുടങ്ങിയവർ എഴുതുന്നു...

## NEW VISION FOR A CHANGING WORLD

### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Dn. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
The Rev. Dn. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

ഒരു വർഷത്തേക്ക് : 75/- രൂപ (വിദേശത്തുള്ളവർക്ക് US $ 12)
രണ്ടു വർഷത്തേക്ക് : 140/- രൂപ ( " US $ 22)
മൂന്നു വർഷത്തേക്ക് : 200/- രൂപ ( " US $ 30)
സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ
ലൈഫ് മെമ്പർഷിപ്പ് : 1000/- രൂപ ( " US $ 150)
പേട്രൺ മെമ്പർഷിപ്പ്: 10,000/- രൂപ ( " US $ 1000)

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

### താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.


*Page Layout:* Learners' Kottayam, Tel: 95481 - 2567438

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by ...
Editor: Dr. Mathew Koshy Punnackad ▪ Printed at Learners' Offset Printers, C.M.S. College Road, Kottayam

VOL. 4 ■ ISSUE 2 ■ OCTOBER 2003

## CONTENTS


- **Mission**
  സഭയുടെ മിഷൻ... — 2
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
- **Sermon**
  Unity is challenging — 3
  *Archbishop of Canterbury*
- **Religion**
  കരിസ്മാറ്റിസം — 5
  *ഡോ. ഡി. ബാബു പോൾ*
  പെന്തക്കോസ്തലിസം — 6
- **Science**
  മാറുന്ന ലോകവും മാറുന്ന കാഴ്ചപ്പാടും — 7
  *ഡോ. ജോർജ് എം. തോമസ്*
- **Christian Education**
  The relevance of Christian Education — 8
  *The Rev. Madhusudan Das*
- **Psychology**
  ധൈര്യപ്പെടുവിൻ... — 9
  *ജോർജ് ബഹനാൻ ടി.*
- **Devotional**
  ഇയ്യോബിന്റെ ഏറ്റുപറച്ചിൽ — 10
  *ഡോ. മിസ്സസ് അന്നമ്മ ജോർജ്*
- **Ecological**
  Branch out like a tree — 11
  *The Rev. Dr. M.J. Joseph*
- **Ecumenical**
  Together, we cannot fail — 12
  *The Rev. Dr. Samuel Kobia*
- **Interview**
  ദൈവശാസ്ത്ര വ്യാഖ്യാനത്തിൽ... — 13
  *റവ. ഡോ. മാണി ചാക്കോയുമായി അഭിമുഖം*
- **Current Issue**
  Staines' murder: Who is guilty? — 15
  *Swami Agnivesh & Valson Thampu*
- **Miscellaneous**
  കവിയുടെ ക്രാന്തദർശിത — 16
  *ഡോ. ഡി. ബഞ്ചമിൻ*
- **Glimpses**
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ — 17
  *ഡോ. കെ.വി. വർഗീസ്*
- **Literary Review**
  പാർശ്വചിന്തകൾ — 18
  *ഡോ. സി.ജെ. റോയ്*
- **Ideology**
  The confusion that is CSI — 19
  *The Rev. A.C. Oommen*
- **Tribute**
  രാഷ്ട്രപിതാവിന് ആദരാഞ്ജലി — 20
  *റവ. ഡോ. വി.ഇ. വർഗീസ്*
- **News & Response** — Cover


## EDITORIAL

# സഭകൾ ആഗോളപ്രശ്നങ്ങളോടു പ്രതികരിക്കണം

ലോകം ഇന്നൊരു ആഗോളഗ്രാമമാണ്. ലോകത്തിന്റെ ഏതു മൂലയിലും നടക്കുന്ന കാര്യങ്ങൾ അറിയുവാനും കാണുവാനും പ്രതികരിക്കുവാനും ഇന്ന് നമുക്കു സാധിക്കും. ഇത് മാനവരാശിയുടെ മുമ്പിൽ നിരവധി സാദ്ധ്യതകളാണ് തുറന്നുതന്നിരിക്കുന്നത്. കഴിവുള്ളവരും സമ്പത്തുള്ളവരും ഈ സാദ്ധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തുകയാണ്. ആരാണ് കഴിവുള്ളവൻ? മത്സരത്തിൽ മുന്നേറുവാൻ സാധിക്കുന്നവൻ. ഭാവിയെ പ്രത്യാശയോടെ നോക്കിക്കാണാൻ മത്സരത്തിൽ മുന്നേറുന്നവനു മാത്രമേ സാധിക്കൂ. കഴിവില്ലാത്തവർ പാർശ്വവൽക്കരിക്കപ്പെടും. അങ്ങനെയുള്ളവരുടെ എണ്ണം വർധിച്ചുവരുന്നു. പാർശ്വവൽക്കരിക്കപ്പെടുന്നവരെ സഹായിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ആഗോളവൽക്കരണത്തിന്റെ ദൂഷ്യവശങ്ങളെ ചെറുക്കുവാനും പദ്ധതികളുണ്ടാകണം. പീഡിതന്മാരെ വിടുവിച്ചയപ്പാൻ വന്ന യേശുവിനെ പിൻപറ്റുന്ന ക്രൈസ്തവ സഭയ്ക്കു പ്രത്യേക ഉത്തരവാദിത്വമുണ്ട്. ആധുനികയുഗത്തിൽ പ്രസക്തമായ പ്രേഷിതപ്രവർത്തനമേഖല കണ്ടെത്തേണ്ട സഭ അതിനുതകുന്ന പദ്ധതികൾക്ക് നേതൃത്വം കൊടുക്കുന്നില്ല. ഇതു ഖേദകരമാണ്.

മെക്സിക്കോയിലെ കാൻകൂണിൽ ചേർന്ന ലോകവ്യാപാര സംഘടനയുടെ അഞ്ചാമത് മന്ത്രിതലസമ്മേളനത്തിലെ നിർദ്ദേശങ്ങൾ വികസ്വര രാജ്യങ്ങൾക്കു ദോഷകരമായിത്തീരുമെന്നാണ് റിപ്പോർട്ട്. വികസിതരാജ്യങ്ങൾ സബ്സിഡി കൊടുത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷികവിളകൾ കുറഞ്ഞ വിലയ്ക്ക് ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങൾ ഇറക്കുമതി ചെയ്യുവാൻ നിർബന്ധിതരാകുകയാണ്. ഇത് വികസ്വര രാജ്യങ്ങളിലെ കർഷകരുടെ നട്ടെല്ലൊടിക്കും. ദാരിദ്ര്യത്തിലേക്ക് ഈ ജനത തള്ളപ്പെടും. ഇതിനിടയാക്കുന്ന തീരുമാനങ്ങൾക്കെതിരെ പ്രതികരിക്കുവാൻ സഭകൾ മുമ്പോട്ടുവരണം. ജനകീയ പ്രസ്ഥാനങ്ങളുമായി സഹകരിക്കുവാൻ സഭകൾ തയാറാകണം.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് പ്രസക്തമായ പ്രേഷിതപ്രവർത്തനങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ സഭകളിലുണ്ടാകണം. നിരന്തരമായ പഠനങ്ങളും വിലയിരുത്തലുകളും നടത്തുവാൻ ഒരു വിദഗ്ധസംഘത്തെ ചുമതലയേൽപ്പിക്കുകയും അതു ജനങ്ങളെ മനസ്സിലാക്കുകയും വേണം. ജനകീയ സമ്മർദ്ദമുണ്ടാകുമ്പോൾ സഭകളുടെ ദേശീയസമിതികൾ പ്രതികരിക്കുവാൻ നിർബന്ധിതരായിത്തീരും. സി.എസ്.ഐ.-സി.എൻ.ഐ.-മാർത്തോമാ സഭാകലണ്ടറിൽ ഓഗസ്റ്റു മാസത്തെ ഒരു ഞായറാഴ്ചയിലെ പ്രസംഗവിഷയം ആഗോളവൽക്കരണമായിരുന്നു. പ്രസംഗകർക്ക് വേണ്ട പരിശീലനമോ കുറിപ്പുകളോ നൽകാഞ്ഞതിനാൽ ഉദ്ദിഷ്ടഫലം ലഭിച്ചിട്ടുണ്ടാവില്ല. ഇത്തരം വിഷയങ്ങൾ പുൾപിറ്റു പ്രസംഗങ്ങളിൽ ഉൾക്കൊള്ളിക്കുകയും അവ കൈകാര്യം ചെയ്യാൻ പ്രസംഗകരെ സജ്ജമാക്കുകയും വേണം. എങ്കിൽ മാത്രമേ അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്ന ഒരു യുഗത്തിൽ പ്രസക്തമായ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സഭകൾക്ക് സാധിക്കൂ.

**ചീഫ് എഡിറ്റർ**



"ജീവന്റെ ആഘോഷത്തിൽ പങ്കുചേരുന്ന ആരാധകരുടെയിടയിൽ പുലരേണ്ട സ്നേഹവും നീതിയും കൂട്ടായ്മയും സമാധാനവും അവർ അനുദിനജീവിതം നയിക്കുന്ന സമൂഹത്തിൽ പങ്കുവയ്ക്കപ്പെടുകയോ യാഥാർത്ഥ്യമാവുകയോ ചെയ്യുന്നില്ല."

# സഭയുടെ മിഷൻ പുതിയ നൂറ്റാണ്ടിൽ

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

സമകാലീന ഭാരതസമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണിത്. മാർപ്പാപ്പ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ ഇന്ത്യയുൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽ കത്തോലിക്കാസഭ അതിന്റെ മിഷൻ വ്യാപകവും തീവ്രവുമാക്കുമെന്ന പ്രസ്താവനയിറക്കിയത് ഒരു വിവാദത്തിനുതന്നെ തുടക്കമിടുകയുണ്ടായി. മതബഹുലമായ ഭാരതത്തിൽ പല കാരണങ്ങൾകൊണ്ട് മതാന്തരബന്ധങ്ങൾ ഉലഞ്ഞിരിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രഖ്യാപനം നടന്നത്. ഏതായാലും, നിലവിലിരിക്കുന്ന സഭാമിഷൻ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ വേണ്ടത്ര ആശയവ്യക്തതയില്ലാതെ അതു പ്രയോഗിച്ചപ്പോൾ അതിൽ അന്തർഭവിച്ചിരിക്കുന്ന അധീശത്വ മനഃസ്ഥിതിയുടെ ബഹിർസ്ഫുരണം ഒരു വിവാദത്തിനു വഴിമരുന്നായെന്നുപറയാം. ഇത് ഇവിടെ വളർന്നുവരുന്ന ഹിന്ദു മതമൗലികതയുടെ ശക്തിവർദ്ധനയ്ക്കേ സഹായകമായുള്ളുവെന്ന കാര്യം വ്യക്തമാണ്.

അതുകൊണ്ട്, ഈ വിഷയത്തിന്റെ വിശദമായ വിശകലനത്തിനുമുമ്പ് ഇതു സംബന്ധിച്ച് ധാരണാപരമായ ഒരു വിശദീകരണം ആവശ്യമാണ്. ഇന്ത്യപോലുള്ള ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ കോളനിവാഴ്ചയുടെ കാലത്ത് സഭാമിഷന്റെ പേരിൽ നടന്നിട്ടുള്ള നീതികരിക്കാനാകാത്ത പ്രവർത്തനങ്ങൾ ഇവിടത്തെ സമൂഹമനഃസാക്ഷികളിൽ സാരമായ വടുക്കൾ അവശേഷിപ്പിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ ആത്മീയ-സാംസ്കാരിക പൈതൃകം നിഷേധിച്ചുകൊണ്ട് നാട്ടുകാരെ ക്രിസ്ത്യാനികളാക്കാൻ ചെയ്ത ശ്രമങ്ങളെല്ലാം മിഷൻ ചരിത്രത്തിന്റെ ഭാഗമാണ്. സഭാമിഷൻ എന്നാൽ വളരെ ആസൂത്രിതമായ ക്രൈസ്തവമതപ്രചാരണതന്ത്രമാണെന്ന ധാരണയാണ് ഇന്നും നിലനിൽക്കുന്നത്. വിദ്യാഭ്യാസ-ആതുരസേവന സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ അതിനുള്ള ഉപാധികളായി വ്യാഖ്യാനിക്കപ്പെടുന്നു.

പ്രധാന ക്രിസ്തീയ സഭകളെല്ലാം തന്നെ മിഷൻ മതപ്രചാരണത്തിനുവേണ്ടിയുള്ള സഭയുടെ പ്രവർത്തനം എന്ന കാഴ്ചപ്പാടിൽ കുറെയൊക്കെ മാറ്റം വരുത്തിയിട്ടുണ്ട്. എന്നിരുന്നാൽത്തന്നെ, മിഷൻ എന്ന ശബ്ദത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് ഇപ്പോഴും അസുഖകരമായ ചില അർത്ഥസൂചനകൾ നിലനിൽക്കുന്നു. അതുകൊണ്ട് ഈ വാക്കുതന്നെ മാറ്റി ദൗത്യം, സാക്ഷ്യം, ധർമ്മം തുടങ്ങിയവയിലൊന്ന് ഉപയോഗിക്കുന്നതാവും നല്ലത്. മാത്രമല്ല, ക്രൈസ്തവർ സത്യത്തിന്റെ കുത്തകക്കാരാണെന്ന സത്യം ഗ്രഹിച്ചിട്ടില്ലാത്ത അജ്ഞാനികൾക്ക് അതു പ്രദാനം ചെയ്യേണ്ടതിന്റെ മുഴുവൻ ചുമതലയും അർഹതയും തങ്ങൾക്കാണെന്ന അധീശത്വസൂചനയും ഈ പദത്തിൽ പറ്റിച്ചേർന്നിട്ടുണ്ടെന്നതും നിഷേധിക്കാനാവില്ല.

സഭയ്ക്ക് അതിന്റെ നിയോഗവുമായുള്ള ബന്ധത്തിലേ നിലനിൽപ്പുള്ളൂ. സഭ എന്ന ശബ്ദത്തിന്റെ പ്രാഥമിക അർത്ഥം, ഏതെങ്കിലും പ്രത്യേക കാര്യത്തിനായി വിളിക്കപ്പെട്ട സമൂഹം എന്നാണ്. അതായത്, അതിന്റെ അംഗങ്ങളുടെ ഭൗതികമോ ആത്മികമോ ആയ ആവശ്യങ്ങൾ നിറവേറ്റുവാനും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനുമുള്ള ഒരു സംഘടനയല്ലിത്. **ഈ ലോകത്തിൽ ചില പ്രത്യേക കൃത്യങ്ങൾ നിർവഹിക്കുന്നതിനായിട്ടാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അതിന്റെ ഘടനാപരമായ രൂപമോ ആചാരാനുഷ്ഠാനങ്ങളുടെ അഭംഗുരമായ നിർവഹണമോ ഒന്നുമല്ല സഭയെ സഭയായി നിലനിർത്തുന്നത്.** മറിച്ച്, അതിന്റെ നിയോഗബോധവും നിയോഗനിർവഹണവുമാണ്. അതുതന്നെയാണ് സഭയ്ക്ക് സ്വത്വവും രൂപവും, നിലനിൽക്കാനുള്ള അവകാശവും പ്രദാനം ചെയ്യുന്നത്. അതായത്, സഭ അതിന്റെ ദൗത്യനിർവഹണത്തിനുവേണ്ടി മാത്രമാണ് വിളിക്കപ്പെട്ടിരിക്കുന്നതെന്നു സാരം. അതുകൊണ്ട്, ഈ നിയോഗബോധം നഷ്ടപ്പെടുകയോ വിളി സഭാജീവിതത്തിൽ വിസ്മരിക്കപ്പെടുകയോ ചെയ്യുന്നതോടെ സഭയ്ക്ക് അതിന്റെ പ്രാമാണിക സ്വഭാവമാണു നഷ്ടപ്പെടുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മിഷനോടുള്ള പ്രതിബദ്ധതയാണ് സഭയെ സഭയാക്കിത്തീർക്കുന്നത്. സഭ അതിന്റെ സ്വത്വവും നിലനിൽപ്പും കണ്ടെത്തുന്നത് അതിന്റെ ദൗത്യനിർവഹണത്തിലാണ്.

എന്നാൽ സഭയുടെ ദൗത്യം എന്താണെന്നതിനെപ്പറ്റി വ്യത്യാസങ്ങൾ നിലനിൽക്കുന്നു. ഇതു സംബന്ധിച്ച് വ്യത്യസ്ത സഭാപാരമ്പര്യങ്ങൾ നൽകുന്ന നിർവചനം അതിന്റെ അർത്ഥന്യൂനീകരണത്തിനു കാരണമായിട്ടുണ്ട്. പാശ്ചാത്യ, കാത്തോലിക്കാ നവീകരണ സഭകളെ സംബന്ധിച്ച് ജനങ്ങളെ ക്രൈസ്തവസഭകളിലേക്കു മതപരിവർത്തനം ചെയ്യിക്കുന്നത് ലക്ഷ്യമാക്കി സഭാവിശ്വാസികൾ നടത്തുന്ന വചനപ്രഘോഷണം, ജീവകാരുണ്യ-വിദ്യാഭ്യാസ-ആതുരശുശ്രൂഷ സാമൂഹ്യപരിവർത്തന സംരംഭങ്ങൾ എന്നിവയാണ് മിഷൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കിഴക്കൻ സഭകളാകട്ടെ വി. കുർബാന കേന്ദ്രീകൃതമായ കൗദാശിക ആത്മീയതയും അനു

*(ശേഷം പേജ് 4)*

# UNITY IS CHALLENGING



Dr. ROWAN WILLIAMS

> To unite all things in Him, things in heaven and things on earth.

In one of C.P.Snow's novels about Cambridge college life, a rather ill-tempered college meeting is grinding towards a close, and a vote has to be taken. The outcome by this time is obvious. The only question is how large the majority will be. The chairman appeals to Winslow, one of the most eloquent spokesmen of the minority, although the matter at issue doesn't much concern him. Will he change his vote? With his usual elegant sarcasm, Winslow replies, 'Certainly, Master, I am always happy to lend my name to an appearance of meaningless unanimity.'

To appeal to or speak in the name of unity in the Church is very easily capable of slipping into the search for an appearance of meaningless unanimity. Unity has become a flaccid word, a default option, a denial of pain and work and real difference. No one can speak against it, it is a motherhood and apple-pie concept; and this means that no one much wants to speak for it either. But we are told in the epistles that the hidden purpose of God, finally and amazingly laid bare to us, is to unite all things in heaven and earth in Jesus Christ; and that this purpose is already being realised by the Holy Spirit in the present life of the Church. Heaven and earth have been estranged, incapable of communicating. But something has happened which changes heaven and earth. Heaven, the realm where angels live only to praise God, is laid open to human beings. They can bring their flawed and stumbling words into the angels' perfect song without fear or shame. 'Therefore with angels and archangels.....' we say, acknowledging that heaven's harmony can accommodate even our untrained and raucous voices. And earth is altered for ever: **there are no corners of our human world where praise cannot be offered, no place too dark for God's glory to find some reflection.**

'To unite all things in him': this unity is achieved by and through that action by which God brings us into fellowship with himself, the cross of Jesus which makes our peace with God and one another. So unity appears as the fruit of an inexpressible cost, the self-emptying of God the Word; and the bearing of that cost unites by changing, by opening heaven and converting earth. Unity here is not consensus or tactical alliance or denial. It is renewed life, given in the passion of Christ. Living in the Church is living in the aftermath of this divine event, living in a landscape where the barriers between heaven and earth are down, and the barriers between human beings are down. Here and now-and very especially when we meet for the Eucharist-we inhabit this new landscape. But if we turn to the epistles, above all the Roman and Corinthian letters, what do we see of this new life? ***Passionate party spirit*** ('I belong to Paul, I belong to Apollos'); ***moral confusion*** ('It is actually reported that there is immorality among you'), ***bitterness and superiority*** ('Why do you despise your brother?'; You gladly bear with fools, being wise yourselves!'), ***ignoring the needs of the disadvantaged*** ('You despise the church of God and humiliate those who have nothing'). The actual common life of the communities to which Paul writes falls a little short of anything that looks convincingly like a foretaste of heaven and earth in harmony.

So what is striking is that Paul appeals for unity not as a way of denying conflict or smoothing over the surface but because the conflicts and failures of the churches are the opportunity for wresting a gift out of what seems a curse. Each member of the Body is gifted for the sake of all others; break the unity of the community and you will never receive what God has for you in the life of the other. Paul's fierce challenges to his churches leave us with no illusions about this being easy. To abide in unity through the sort of savage quarrels he describes is absolutely not the soft option. The Apollos party and the Cephas party in Corinth, or the rigorists about food laws in Romans would all have a much nicer time if they retreated into their separate enclaves. But, as Paul puts it in both Romans and I Corinthians, to do this is would be to forget that they are there in the first place because Christ died for them all.

The challenge of Paul's gospel appears most radically at this point. The irreducible facts about the brother or sister are that Christ died for them and that the Spirit wants to give something through them. To cling to unity is to cling to those convictions, especially when everything in us cries out for separation. Or, in plain words, unity is a gospel imperative to just the extent that we find it hard. Unity is a gospel imperative when we recognise that it opens us to change, to conversion; when we realise how our life with Christ is somehow bound up with our willingness to abide with those we think are sinful and those we think are stupid. A community where people don't care about the effects of their actions or where people are preoccupied constantly with the conditions under which they will stay in touch with each other is one in which what I earlier called the pain and the work and the real difference that we can see in the churches to which Paul wrote are being forgotten. A New Testament Church is one in which unity is seen as vital precisely because it invites us to struggle for blessing as we wrestle with

a stranger. If someone else stands with me claiming the promises of Christ, then, for St. Paul, my first assumption must always be that in unity-in conversation and struggle, agreement, argument, shared praise-I shall receive from them something of Christ. The gospel, of course, prompts thoughts of other kinds of peace and unity. It is the same King Herod who, later in the gospel narrative, achieves a kind of reconciliation with Pilate when they join in the rejection and condemnation of Jesus. There is indeed a unity born of cowardice-as plenty of people are willing to remind us; and Herod's execution of the Baptist is no doubt something that brings him a faintly guilt but relieved sense that peace is restored in the palace. Jesus arises to disturb his peace; and, with Pilate, Herod will once again conspire in the removal of Jesus for the sake of peace and unity. And Jesus-literally-arises to disturb the whole world's peace for the sake of the whole world's salvation, for the sake of unity between heaven and earth. *To live in His peace is to live constantly in the presence of His call to be converted. It is to recognise the immense cost of a unity that truly brings differences into a shared praise and to accept that it will cost us everything. The luxury of separation is really death; the pain of unity is really life for us who are 'destined and appointed to live for the praise of His glory'.*

◆◆

## സഭയുടെ മിഷൻ... (പേജ് 2 തുടർച്ച)

ഷ്ഠാനങ്ങളും സഭയുടെ മിഷനായി മനസ്സിലാക്കി.

ആദിമ ക്രൈസ്തവസഭയിൽ മാമോദീസ യേശുവിന്റെ നാമത്തിലായിരുന്നു. ത്രിത്വനാമത്തിലുള്ള മാമോദീസ പിന്നീടാണു നിലവിൽ വന്നത്. അതുകൊണ്ട് ത്രിത്വനാമത്തിൽ മാമോദീസ നൽകുവാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം ചരിത്രസത്യമായി കാണാനാവില്ല. "നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്കും. യരുശലേമിലും ശമര്യയിലും ലോകത്തിന്റെ അതിർത്തികളോളവും എന്റെ സാക്ഷികളാകും." ഇവിടെ കാണുന്ന പ്രകാരം ക്രൈസ്തവസമൂഹത്തിന്റെ മൗലിക നിയോഗം വിശ്വസിപ്പിക്കുകയും സ്നാനപ്പെടുത്തുകയുമല്ല, മറിച്ച്, ലോകാന്ത്യം വരെ യേശുവിന്റെ സാക്ഷികളാവുകയെന്നതാണ്. അതായത്, ക്രിസ്തീയ മിഷൻ എന്നത് യേശുക്രിസ്തുവിന്റെ ജീവിതസാക്ഷ്യം സർവവ്യാപകവും പ്രബലവും അനസ്യൂതവുമായി നിലനിൽക്കുന്ന സഭയുടെ ജീവിതമാക്കി കാലികവൽക്കരിക്കുകയാണ്. എന്നാൽ, ശിഷ്യരാക്കലും സ്നാനപ്പെടുത്തലും അടിസ്ഥാനദൗത്യമായെടുത്താൽ ക്രിസ്തുസാക്ഷ്യമായിരിക്കുകയല്ല, പ്രതിസാക്ഷ്യമായിരിക്കും നിർവഹിക്കപ്പെടുന്നത്. അതാണ് പിൽക്കാലത്ത് ഏറെ സംഭവിച്ചിട്ടുള്ളതും കുറെയൊക്കെ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതും.

എന്നാൽ പൗരസ്ത്യസഭയുടെ ചരിത്രത്തിൽ അതിന്റെ മിഷൻ, കൂദാശ-ആരാധനകളുടെ അനുഷ്ഠാനം എന്നതായി പരിമിതപ്പെടുത്തി. അതോടെ സഭ അതു ജീവിക്കുന്ന സമൂഹത്തോടും ചുറ്റുപാടുകളോടുമുള്ള ബന്ധത്തിൽ ശ്രദ്ധയും പ്രതിബദ്ധതയും പുലർത്താതെയായി. ആരാധന ജീവന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും പരസ്യമായ സാക്ഷ്യവും ആഘോഷവുമാണ്. അതുതന്നെയാണ് സഭയുടെ മിഷനും. എന്നാൽ ഈ ജീവന്റെ ആഘോഷത്തിൽ പങ്കുചേരുന്ന ആരാധകരുടെയിടയിൽ പുലരേണ്ട സ്നേഹവും നീതിയും കൂട്ടായ്മയും സമാധാനവും അവർ അനുദിനജീവിതം നയിക്കുന്ന സമൂഹത്തിൽ പങ്കുവയ്ക്കപ്പെടുകയോ യാഥാർത്ഥ്യമാവുകയോ ചെയ്യുന്നില്ല. അതുകൊണ്ട് പൗരസ്ത്യാരാധനയ്ക്കുശേഷമുള്ള ആരാധന എന്ന സ്വയം നിർവചനത്തിന് ചരിത്രത്തിൽ പ്രായോഗികത കൈവരാതെപോയി. പൗരസ്ത്യസഭയിൽ അതിന്റെ മിഷൻ സങ്കൽപ്പത്തിൽ വന്ന അർത്ഥന്യൂനതയായി ഇതിനെ കാണാം. ക്രിസ്തീയവിശ്വാസവും മിഷനും സമൂഹത്തോടുള്ള പ്രതിബദ്ധതയിലാണു പ്രതിഫലിക്കേണ്ടത്. പഴയനിയമത്തിൽ കാണുന്നത് ഒരു സമൂഹത്തിന്റെ ആധ്യാത്മിക ചരിത്രമല്ല. വിശ്വാസജീവിതം, അഥവ മിഷൻ, ഒരു ദേശത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക-വൈജ്ഞാനിക-സാംസ്കാരിക മേഖലകളുമായി നേർബന്ധമുള്ളതാണ്. അതുപോലെ തന്നെ, പുതിയനിയമത്തിലാണെങ്കിൽ ക്രിസ്തു തള്ളപ്പെട്ടവരെയും മനുഷ്യത്വം നിഷേധിക്കപ്പെട്ടവരെയും കൂട്ടിച്ചേർക്കുകയും അവർക്ക് വിമോചനം പ്രഖ്യാപിച്ച് ദൈവരാജ്യത്തെ ഈ മനുഷ്യവൽക്കരിക്കപ്പെട്ട സമൂഹമായി വിളംബരം ചെയ്യുകയുമാണ്. അതോടെ ക്രിസ്തീയ സുവിശേഷവും മിഷനും വിശ്വാസവുമെല്ലാം മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ടതാണെന്നുവരുന്നു. ക്രിസ്തീയ വിശ്വാസവും അതിനാൽ പ്രേരിതമായ മിഷനും പുനർസൃഷ്ടി ലക്ഷ്യമാക്കിക്കൊണ്ടുള്ള ജീവിതശൈലിയാണ്.

പൗരസ്ത്യസഭയുടെ മിഷൻ സങ്കൽപ്പം അതിന്റെ ആരാധനാജീവിതത്തിൽ മാത്രം ഒതുങ്ങുമ്പോൾ ലോകത്തെ ദൈവരാജ്യമായി പരിവർത്തനപ്പെടുത്താനുള്ള അതിന്റെ അടിസ്ഥാനനിയോഗത്തിൽനിന്നുള്ള പിൻവാങ്ങലായി അനുഭവപ്പെടും. മനുഷ്യജീവിതത്തിന്റെ സകല വ്യാപാര മേഖലകളേയും ദൈവരാജ്യമൂല്യങ്ങൾക്കനുസൃതമായി പുനർസംവിധാനം ചെയ്യുന്നതിനു സാധ്യമാക്കുന്ന പ്രക്രിയയിലാണു പങ്കുചേരേണ്ടിയിരിക്കുന്നത്. ഇത് പൗരസ്ത്യസഭയുടെ മിഷൻ സങ്കൽപ്പത്തിനൊരു തിരുത്താണ്.

◆◆

## "TEETH WILL BE PROVIDED"

An evangelist was exhorting his audience to flee from the wrath to come. "I warn you," he thundered, "that there will be weeping and wailing and gnashing of teeth!"


At this moment an old woman in the gallery stood up. "Sir," she shouted, "I have no teeth."

"Madam," retorted the evangelist, "teeth will be provided."

A young lady had started labour pains. Nervous young husband was waiting outside the ward. Every few minutes he would go to the doctor and anxiously make enquiries. The doctor got annoyed and finally told him that he won't be of any help there and asked him to go home and to contact him on the phone after two hours. So he went home and impatiently waited there for two hours and at the end he hastily snatched up the phone and in his hurry gave a wrong number. It was to a cricket club where a cricket match was going on. He asked 'How are you getting on'. Prompt came the reply, **'Oh fine, five are already out, the rest are rabbits** (rabbits means bad players).

*- Bishop Walsh*

മിണ്ടാതിരുന്ന്
അവൻ ദൈവമെന്നറിവാൻ
വിളിക്കപ്പെട്ടിരിക്കുന്ന ജനം
എളുപ്പത്തിൽ വഴിതെറ്റാവുന്ന
മേഖലയാണ് കരിസ്മാറ്റിസം.



# കരിസ്മാറ്റിസം

ഡോ. ഡി. ബാബു പോൾ

തിരുവനന്തപുരത്തെ ഒരു കത്തോലിക്കാ കരിസ്മാറ്റിക് കൂട്ടായ്മയിൽ പ്രസംഗിക്കാൻ എന്നെ ക്ഷണിച്ചു. ഞാൻ ഒഴിഞ്ഞുമാറാൻ നോക്കി. സംഘാടകർ പറഞ്ഞു: "സാർ വരണമെന്നു പറയാൻ കാരണമുണ്ട്. ഞങ്ങളുടെ കൂടെയുള്ള ചിലർ, മാതാവിനോടു പ്രാർത്ഥിക്കുന്നത് വിലക്കുവാൻ ശ്രമിക്കുന്നു. കൊന്ത ചൊല്ലരുത്, നന്മ നിറഞ്ഞ മറിയം ചൊല്ലരുത് എന്നൊക്കെ പറയുന്നു. സാറിന്റെ മരിയഭക്തിയെക്കുറിച്ചറിയാം. സാറൊന്നു വന്ന് അമ്മയെക്കുറിച്ചു പറഞ്ഞാൽ ജനത്തിനു ബോദ്ധ്യം വരും." ഞാൻ പോയി.

കൊച്ചിയിലെ ചിറ്റൂരിൽ ഒരു പ്രാർത്ഥനാലയം. അതിന്റെ പ്രതിഷ്ഠാനാളിൽ ഞാൻ ചെല്ലണം. ഹിന്ദുവായി ജനിച്ച്, ഇപ്പോഴും മതം മാറാതെ ക്രിസ്തുവിന്റെ അനുയായിയായി ജീവിക്കുന്ന ഒരു നല്ല മനുഷ്യനാണു വിളിച്ചത്. "അത് എന്റെ വിളിയല്ല" എന്ന മറുപടികൊണ്ട് അവർ പിന്മാറിയില്ല. "പിന്നെ ആലോചിക്കാം, പണിയൊക്കെ തീരട്ടെ" എന്നു പറഞ്ഞ് ഞാൻ പിന്മാറാൻ ശ്രമിച്ചു. അധികം വൈകാതെ മനോരമയുടെ ഒരു സെമിനാറിൽ ഒരു സെഷനിൽ ഞാൻ അദ്ധ്യക്ഷനാണെന്ന് അവർ പത്രദ്വാരാ അറിഞ്ഞു. മനോരമയാണ് താമസം ഏർപ്പാടു ചെയ്തിരുന്നത്. അവിടെനിന്ന് വിവരം കണ്ടെത്തിരണ്ട് കരിസ്മാറ്റിക്കുകാർ ടാജ് റസിഡൻസിയിലെ മുറിയിലേക്കു ഫോൺ ചെയ്തു. എനിക്കാണെങ്കിൽ ഒരു ഡിന്നറിന് പോകാനുമുണ്ട്. ആ സായാഹ്നത്തിൽ കാണാനാവില്ലെന്നു പറഞ്ഞ് ഫോൺ താഴെവച്ചു. ലിഫ്ടിൽ നിന്ന് ഇറങ്ങുമ്പോൾ കരിസ്മാറ്റിക്കുകാർ മുന്നിൽ. "ഒരു ചാൻസ് പരീക്ഷിക്കാൻ ഓട്ടോ പിടിച്ചുവന്നതാണ്" എന്ന ക്ഷമാപണത്തോടെ. ഡയറിനോക്കി നിശ്ചയിക്കാമെന്ന് ഒരൊഴിവുകഴിവ് പറഞ്ഞുപിരിഞ്ഞു. അന്ന് രാത്രി പ്രാർത്ഥിച്ചപ്പോൾ ക്ഷണം സ്വീകരിക്കാനാണ് ദൈവം പറയുന്നതെന്നു തോന്നി. ഇനി വിളിച്ചാൽ സമ്മതിക്കാമെന്ന തീരുമാനത്തോടെ ഉറങ്ങി. അതിരാവിലെയുള്ള ഒരു തീവണ്ടിയിലാണ് മടക്കയാത്ര. റയിൽവേസ്റ്റേഷനിൽ ചെന്നപ്പോൾ കരിസ്മാറ്റിക്കുകാർ.

"നിങ്ങൾ എങ്ങോട്ടാണ്."

"സാറിനെ കാണാൻ. റയിൽവേ സ്റ്റേഷനിൽ പോയി കാണുക. സമ്മതിക്കുമെന്ന് പരിശുദ്ധാത്മാവ് പറഞ്ഞു." കൊർണേലിയോസിന്റെയും പത്രോസിന്റെയും കഥ ഓർമ വന്നു. പിന്നെ നമ്മുടെ വള്ളിക്കാട്ടിലച്ചന്റെയും കുര്യാക്കോസ് ചേന്നക്കാടന്റെയും പ്രേരണയിൽ ചില നൽവരക്കാരെ കണ്ടു സംസാരിച്ചിട്ടുണ്ട്. ഇത്രയുമാണ് കരിസ്മാറ്റിക് പ്രസ്ഥാനവുമായി എനിക്ക് നേരിട്ടുള്ള പരിചയം. ബാക്കിയൊക്കെ വായിച്ചും കേട്ടുമുള്ള അറിവാണ്.

പരിശുദ്ധാത്മാവിന്റെ മാർഗദർശനത്തിനായി നിത്യവും കാത്തിരിക്കുന്നവനാണ് ഞാൻ. വിശുദ്ധ കുർബാനയിൽ റൂഹാക്ഷണപ്രാർത്ഥന വൈദികൻ ചൊല്ലുമ്പോൾ "ഞാൻ പാപിയും അനർഹനുമെങ്കിലും ഈ പരിശുദ്ധാത്മാവ് എന്നിലും ആവസിക്കണമെ." എന്നു പ്രാർത്ഥിച്ചുകൊണ്ട് തീനാളങ്ങൾ എന്റെ മജ്ജയിലൂടെ എരിഞ്ഞിറങ്ങുന്ന അനുഭവം ധ്യാനത്തിലൂടെ സ്വാംശീകരിക്കാൻ എന്റെ അച്ഛനാണ് പഠിപ്പിച്ചത്. അച്ഛൻ 1987-ൽ അന്തരിച്ചു. അപ്പോൾ അതിനുമുമ്പ് എന്നോ തുടങ്ങിയതാണ് ഈ രീതി.

നമ്മുടെ നാട്ടിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കരിസ്മാറ്റിക് പരിപാടികൾ അവധാനപൂർവം കൈകാര്യം ചെയ്യണം. പലതിനോടും യോജിക്കാൻ വയ്യ. ഫോണിൽ how are you എന്നതിനു പകരം where are you എന്നു ചോദിക്കുന്നത് മൊബൈൽ ശൈലിയാണെന്നു കരുതി തള്ളരുത്. അത് ശൂന്യവൽക്കരണത്തിന്റെയും അനാഥത്വത്തിന്റെയും പ്രതീകമാണ്. എലിപ്പത്തായങ്ങളിൽ കുടുങ്ങിയവരും മൂഷികമത്സരങ്ങളിൽ പങ്കെടുക്കാൻ മാത്രം പുറത്തിറങ്ങുന്നവരും ആശ്വാസത്തുരുത്തുകൾ തേടുന്നതിൽ അത്ഭുതമില്ല. എന്നാൽ സഭ ഇതിനെ ഒന്നടങ്കം തള്ളിക്കളയരുത്. ഒരു സന്തുലിതസമീപനം വേണം.

**ജീവിതത്തിൽ ഒരു U-ടേൺ എടുക്കാൻ സാധാരണ സഭാജീവിതത്തെക്കാൾ കരിസ്മാറ്റിക് പരിപാടികൾ പ്രയോജനപ്പെടും.** അതായത്, കരിസ്മാറ്റിക് പ്രസ്ഥാനത്തിലെ 'തട്ടിപ്പുകേസുകൾ' ഒഴിവാക്കിയിട്ട് ബാക്കി വരുന്ന നല്ല പരിപാടികൾ ഗുണദോഷസമ്മിശ്രമാണ്. സഭ തുടക്കത്തിൽ ഒരു കരിസ്മാറ്റിക് സ്വഭാവം പാലിച്ചുവന്നു. സഭാഘടന ദൃഢീഭവിച്ചപ്പോൾ പരിശുദ്ധാത്മാവിനു ശ്വാസംമുട്ടി! അതിനു കിട്ടിയ ഒരു ഉത്തരം ആശ്രമാവിലേക്കുള്ള ഒരു മടക്കയാത്രയാണ്. എന്നാൽ വളർന്നു വലുതാകുമ്പോൾ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളും സ്ഥാപനവൽക്കരിക്കപ്പെടുകയും അനുഷ്ഠാനപരതയിൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നു. പണ്ട് ഡ്രിൽമാസ്റ്റർ പറയുമ്പോലെ പറയാനുള്ളതല്ല 'പ്രെയ്സ് ദ ലോർഡ്.' (പ്രെയ്സ് ദ ലോഡ്!) പെന്തക്കോസ്തുകാർ പറഞ്ഞു പഴകിയ വരട്ടുയുക്തികൾ പ്രചരിപ്പിക്കാനുള്ളതല്ല കരിസ്മാറ്റിസം.

സി.ജെ.വർക്കി അച്ചനും പനയ്ക്കലച്ചനും വള്ളിക്കാട്ടിലച്ചനുമൊക്കെ യേശുവിന്റെ സമകാലമാതൃകകളാവാം. എന്നാൽ അവരെ യേശു ആക്കരുത്. **നമ്മുടെ കരിസ്മാറ്റിക് പ്രസ്ഥാനം നേരിടുന്ന ഒരു വലിയ ഭീഷണി ഈ വ്യക്തികേന്ദ്രീകരണം ആണ്.** മാർക്കറ്റിംഗിൽ യു.എസ്.പി. (unique selling point) എന്നൊരു സങ്കൽപ്പമുണ്ട്. അത് യേശു തന്നെയാവണം. രോഗശാന്തി, ആന്തരികസൗഖ്യം, തുടങ്ങി ഇറാഖിലെ അമേരിക്കൻ അധിനിവേശംവരെ ഒന്നും ദൈവത്തിന് അന്യമല്ല. എങ്കിലും മിണ്ടാതിരുന്ന് അവൻ ദൈവം എന്നറിവാൻ വിളിക്കപ്പെട്ടിരിക്കുന്ന ജനം എളുപ്പത്തിൽ വഴിതെറ്റാവുന്ന മേഖലയാണ് കരിസ്മാറ്റിസം. എന്നുവച്ച്, നിഷേധിക്കുകയല്ല വേണ്ടത്. അംഗീകരിക്കുകയും വഴി നടത്തുകയും ചെയ്യാൻ സഭയ്ക്കു കഴിയണം. ***സഭയുടെ ന്യൂനതകളാണ് ഈ പ്രസ്ഥാനത്തിലേക്കു നയിച്ചത്. അതുകൊണ്ടുതന്നെ ഈ പ്രസ്ഥാനം സഭയ്ക്കുള്ളിലൊരു സഭയാകാതെ സൂക്ഷിക്കാൻ നേതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഒരു 'പുറജാതി'ക്കാരന്റെ നിസ്സംഗതയോടെ രേഖപ്പെടുത്താൻ എനിക്കു കഴിയും.*** ഒപ്പം, സഭ ഇതിനെ സഭയ്ക്കു പുറത്താക്കരുതെന്നും ഞാൻ പറയും. പരീശന്മാരുടെയും സദൂക്യരുടെയും കൂട്ടം യേശുവിന്റെ സഭയാവുകയില്ല. അതുകൊണ്ട്, പുറത്താക്കുകയും നിരോധിക്കുകയുമല്ല, ഉൾക്കൊള്ളുകയും വഴിനടത്തുകയുമാവണം സഭയുടെ ലക്ഷ്യം. ◆◆

# പെന്തക്കോസ്തലിസം

പെന്തക്കോസ്തലിസവും പെന്തക്കോസ്തു പ്രസ്ഥാനങ്ങളും വീണ്ടും വാർത്താ മാധ്യമങ്ങളിലും എപ്പിസ്കോപ്പൽ സഭാകേന്ദ്രങ്ങളിലും സജീവ ചർച്ചാവിഷയമായി തീർന്നിരിക്കുന്നു. സെക്കുലർ മാധ്യമങ്ങൾ പോലും ഇന്ന് പെന്തക്കോസ്തലിസത്തിന്റെ ഉറവകളും മുദ്രകളും മാനങ്ങളും അതിരുകളും തേടുകയാണ്. തെറ്റു കണ്ടെത്താനുള്ള കണ്ണടകളാണ് അവർ ഉപയോഗിക്കുന്നതെങ്കിലും കണ്ണിൽപ്പെടുന്നത് വിസ്മയിപ്പിക്കുന്ന വസ്തുതകളാണ്.

കവനന്റ് പീപ്പിൾ പ്രസ്ഥാനത്തിന്റെ സാരഥിയും പ്രമുഖ കത്തോലിക്കാ ധ്യാനഗുരുവുമായ ശ്രീ. ജോസ് ആനത്താനവും സഹപ്രവർത്തകൻ ഫാ. സക്കറിയാസ് മംഗല ചെരുവിലും ഉൾപ്പെടെ എഴുപതിലേറെ കത്തോലിക്കർ, കാഞ്ഞിരപ്പള്ളി സെയ്ന്റ് ഡൊമിനിക്സ് കോളജിന്റെ പിറകിലുള്ള കടവിൽ രണ്ടാം മാമോദീസ സ്വീകരിച്ചതോടെയാണ് സമീപകാല നിരൂപണങ്ങളുടെ പരമ്പര തുടങ്ങിയത്. കവനന്റ് പീപ്പിൾ ഗ്രൂപ്പിനെ മുടക്കി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ രൂപതയിലെ ഇടവകകൾക്ക് സർക്കുലർ അയച്ചു. പക്ഷേ, കവനന്റ് പീപ്പിളിനെ അതൊന്നും പ്രതികൂലമായി ബാധിച്ചില്ല. ഡോ. കെ. പി. യോഹന്നാൻ മെത്രാപ്പോലീത്ത നേതൃത്വം നൽകുന്ന ബിലിവേഴ്സ് ചർച്ച് രണ്ടാം മാമോദീസയാണു പ്രബോധിപ്പിക്കുന്നത്. ഇതുകൂടാതെ സമീപകാലത്ത് നിരവധി പെന്തക്കോസ്തു സമൂഹങ്ങൾ രൂപം കൊള്ളുന്നുണ്ട്. പെന്തക്കോസ്തുകാരെന്ന് ഔദ്യോഗികമായി അറിയപ്പെടുവാൻ അവരാഗ്രഹിക്കുന്നില്ലെങ്കിലും അടിസ്ഥാനപരമായി പെന്തക്കോസ്തു പ്രബോധനങ്ങളും ശൈലികളുമാണ് അവർ സ്വീകരിച്ചുകാണുന്നത്. ഡോ. മാത്യു കുരുവിള (ബ്രദർ തങ്കു) നേതൃത്വം നൽകുന്ന കോട്ടയം ഹെവൻലി ഫീസ്റ്റ് ഗ്ലോബൽ വർഷിപ്പ് സെന്റർ ഇവയിൽ പ്രധാനമാണ്. ഇത്തരം സമൂഹങ്ങളുടെ വളർച്ച ആരെയും അത്ഭുതപ്പെടുത്തും. സമ്പന്ന കുടുംബങ്ങളിൽപ്പെട്ടവരാണ് അധികവും ഈ സമൂഹങ്ങളിൽ വന്നെത്തുന്നത്. ആഭരണം ഉപയോഗിക്കാമെന്ന ഉദാര നിലപാട് നിരവധി ആളുകളെ ആകർഷിക്കുന്നു. ***മനുഷ്യരെല്ലാം ഇന്ന് നീറുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ്. ഇവരെല്ലാം അടിസ്ഥാനപരമായി പള്ളിയും പട്ടക്കാരും ഉള്ളവരാണ്. പക്ഷേ, പള്ളിയാരാധനയും ആചാരങ്ങളും ഇടവക വികാരിമാരുടെ വിജ്ഞാന പ്രഭാഷണങ്ങളും അവരെ തൃപ്തിപ്പെടുത്തുന്നില്ല. സംതൃപ്തിയും വിടുതലും ആത്മീയ കൂട്ടായ്മയും ദൈവവചനവും തേടിയാണ് ഇടവകക്കാർ പുതിയ പെന്തക്കോസ്തു സമൂഹങ്ങളിലേക്കൊഴുകുന്നത്.***

കുമ്പസാരത്തിനും കുർബാനയ്ക്കും പള്ളിപ്പെരുനാളിനും ഇപ്പോൾ ആളുകൾക്കു താൽപര്യമില്ല. ഇടവകാംഗങ്ങളിൽ നല്ലൊരു പങ്ക് പ്രാർത്ഥനയും ഉപവാസവും വിടുതലും വചന പ്രഘോഷണവും ആത്മീയ സന്തോഷവുമുള്ള പുതിയ കൂട്ടായ്മകളിൽ എത്തിക്കഴിഞ്ഞു. എപ്പിസ്കോപ്പൽ സഭകളിൽ നിന്നുമുള്ള ഈ ഒഴുക്കിന് ശക്തി പകരുകയാണ് കരിസ്മാറ്റിക് ഗ്രൂപ്പുകൾ. ഈ ഒഴുക്കു തടയേണ്ടത് ഇന്ന് എപ്പിസ്കോപ്പൽ സഭകളുടെ ആവശ്യമായി മാറിയിരിക്കുന്നു. ആടുകൾ എന്തുകൊണ്ട് ആല ഉപേക്ഷിച്ചു പോകുന്നുവെന്നു ചിന്തിക്കുന്നവരുണ്ട്. ഇന്ന് ഇതു സംബന്ധിച്ചുള്ള സർവേകളും പഠനങ്ങളും നടക്കുന്നുണ്ട്. രൂപതാതലത്തിലും ദേശീയതലത്തിലും പഠനങ്ങൾ നടന്നു. അതിന്റെയടിസ്ഥാനത്തിൽ രൂപതാതല മാർഗരേഖകൾ തയാറാക്കി. പെന്തക്കോസ്തു സമൂഹങ്ങളിലേക്കുള്ള ഒഴുക്കു തടയുവാനുള്ള പ്രായോഗിക നടപടികൾ ആവിഷ്കരിച്ചു. പക്ഷേ, ഇവയ്ക്കൊന്നും ഇടവകാംഗങ്ങളെ പിടിച്ചു നിറുത്തുവാൻ കഴിഞ്ഞിട്ടില്ല.

**ദീർഘവർഷങ്ങളുടെ പാരമ്പര്യവും കെട്ടുറപ്പുമുള്ള കത്തോലിക്കാസഭ വിട്ടു പോകുവാനുള്ള കാരണങ്ങൾ എന്താണ്?** ദൈവാനുഭവത്തിന്റെ അഭാവം, ദൈവവചനത്തോടുള്ള അവഗണന, കൂട്ടായ്മയുടെ അഭാവം, അജപാലന ശുശ്രൂഷയിലെ അലംഭാവം, അർത്ഥശൂന്യമായ ആരാധനാക്രമം, വിശുദ്ധരോടുള്ള വണക്കത്തിന്റെ അതിപ്രസരം, വിശ്വാസസംബന്ധമായ പഠനങ്ങളെപ്പറ്റിയുള്ള അവ്യക്തത, വൈദിക മേധാവിത്വം, ചട്ടക്കൂടുകളുടെ അതിപ്രസരം, ആത്മീയ ഭാഗഭാഗിത്വത്തിലുള്ള അവഗണന.

കത്തോലിക്കാസഭയിൽ ഒരു ദേവാലയ ശുദ്ധീകരണത്തിനു സമയം വൈകിയെന്ന അപകടസൂചനയാണ് സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ദൈവശാസ്ത്രജ്ഞന്മാർക്കും സഭാനേതൃത്വത്തിനും സർവേ റിപ്പോർട്ടിലെ കാരണങ്ങൾ ശരിയാണെന്നു ബോദ്ധ്യമായെങ്കിലും അവ പരിഹരിച്ച് സഭയെ ശുദ്ധീകരിക്കുവാൻ അവർ ശ്രമിച്ചില്ല. പകരം, സർക്കുലറുകളും പെന്തക്കോസ്തു വിമർശന സാഹിത്യങ്ങളും പ്രചരിപ്പിക്കുവാനാണ് ശ്രമിച്ചത്. മംഗളം ദിനപത്രത്തിൽ കിഷോർ ഏബ്രഹാം എഴുതിയ 'നൂറാമത്തെ കുഞ്ഞാട്' എന്ന ലേഖന പരമ്പര ശ്രദ്ധിക്കേണ്ടതാണ്. പാലാ പട്ടണത്തിൽ മാത്രം കഴിഞ്ഞ രണ്ടു വർഷത്തിനിടെ ഏഴു സ്വതന്ത്രസഭാസമൂഹങ്ങൾ രൂപമെടുത്തു. ഇവയുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് കത്തോലിക്കർ തന്നെയാണ്. കോട്ടയത്ത് വേരുറച്ച് പടർന്നു പന്തലിച്ച ഹെവൻലി ഫീസ്റ്റ് യാക്കോബായ-ഓർതഡോക്സ്-മാർത്തോമാ വിശ്വാസികളെക്കൊണ്ട് നിറഞ്ഞു കഴിഞ്ഞു. എപ്പിസ്കോപ്പൽ സഭകളുപേക്ഷിച്ച് സ്വതന്ത്രസഭകളിലെത്തുന്നവരിൽ അധികപങ്കും വ്യക്തിപരമായ ആവശ്യബോധത്തോടെയാണെന്ന വസ്തുത അവഗണിക്കാനാവില്ല. പെന്തക്കോസ്തു പ്രസ്ഥാനങ്ങൾ രൂക്ഷവിമർശനം അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. കോട്ടയം ലൂർദ്ദ് ഫൊറോനാപ്പള്ളി വികാരി ഫാ. ഡോ. മാണി പുതിയിടം ഇതിനെ 'പുതിയ ഹിസ്റ്റീരിയ' എന്നാണു വിശേഷിപ്പിച്ചത്. പെന്തക്കോസ്തുകാരന്റെ മൂന്നാം തലമുറ അവിശ്വാസികളുടേതായിരിക്കുമെന്നാണ് ബൈബിൾ പണ്ഡിതൻ കൂടിയായ അദ്ദേഹത്തിന്റെ ഭാവിപ്രവചനം. പെന്തക്കോസ്തുകാരന്റെ നാലാം തലമുറയാണ് ഇന്ന് കത്തോലിക്കാ സമൂഹത്തോട് സുവിശേഷം പറയുന്നതെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. കരിസ്മാറ്റിക് ഭ്രമം മൂത്തവരാണ് പെന്തക്കോസ്തു വലയത്തിൽ ആകൃഷ്ടരാവുന്നതെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്.

ലോകക്രൈസ്തവ ജനസംഖ്യയിൽ ഇരുപത്തിയഞ്ചു ശതമാനം പേർ പെന്തക്കോസ്ത് സഭാംഗങ്ങളോ അവയോട് ആഭിമുഖ്യം പുലർത്തുന്നവരോ അത്രെ. **നവീന പെന്തക്കോസ്തു സഭകൾക്ക് ഇന്നു കേരളത്തിൽ ചാകരയാണ്! പെന്തക്കോസ്തലിസത്തിന്റെ ശക്തമായ സ്വാധീനം എപ്പിസ്കോപ്പൽ സഭകളിൽ പ്രകടമാണ്.** എപ്പിസ്കോപ്പൽ സഭകളിലെ വിശ്വാസികളിൽ വലിയൊരു പങ്കും വിശ്വാസസ്നാനം സ്വീകരിച്ചവരാണ്. ഇക്കൂട്ടത്തിൽ വൈദികരുമുണ്ട്. രഹസ്യത്തിൽ സ്നാനപ്പെട്ട് ഇടവകകളിൽ തുടരുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ വിശ്വാസസ്നാനത്തെപ്പറ്റി എപ്പിസ്കോപ്പൽ സഭകൾ വീണ്ടുവിചാരത്തിനു നിർബന്ധിക്കപ്പെടും. വിശ്വാസസ്നാനത്തെ ഔദ്യോഗികമായി അംഗീകരിക്കുവാൻ തയാറല്ലെങ്കിൽ പോലും അതിനു മൗനാനുവാദം നൽകേണ്ടിവരും. ഈ സമീപനം ഇന്നും അനൗദ്യോഗികമായി നിലവിലുണ്ട്. ***വചനബന്ധമില്ലാത്ത ആചാരങ്ങളോടും അനുഷ്ഠാനങ്ങളോടും എപ്പിസ്കോപ്പൽ സഭകളിലെ വിശ്വാസികൾക്ക് ആഭിമുഖ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നതിനു തെളിവാണ് വചനസമൃദ്ധി അനുഭവിക്കുവാൻ സാഹചര്യമൊരുക്കുന്ന സ്വതന്ത്രസഭകളുടെ വളർച്ച.***

*(കടപ്പാട് : സങ്കീർത്തനം വാർത്താപത്രിക)*

# മാറുന്ന ലോകവും മാറുന്ന കാഴ്ചപ്പാടും

ഡോ. ജോർജ് എം. തോമസ്

ലോകത്തിൽ ജീവനുള്ളവയ്ക്കു പൊതുവേയുള്ള ലക്ഷണങ്ങൾ പ്രത്യുൽപാദനം, വളർച്ച, ദഹനം എന്നിവയാണ്. ഭൂമിയുടെ എല്ലാ ഭാഗങ്ങളും ജീവികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. പലതരം സസ്യങ്ങൾ, പക്ഷികൾ, പ്രാണികൾ, കീടങ്ങൾ, ജന്തുക്കൾ, മനുഷ്യർ. ജീവികൾക്കെല്ലാം അവശ്യം വേണ്ടത് സൂര്യപ്രകാശമാണ്. ജീവൻ ആദ്യം എങ്ങനെയുണ്ടായി? കൃത്രിമമായി ജീവനുണ്ടാക്കാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ആദ്യകാലം മുതൽ ജീവികൾക്ക് സാവധാനത്തിൽ (അനേകവർഷങ്ങൾ കൊണ്ട്) മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ചിലത് നശിക്കുന്നു, ചിലത് രൂപാന്തരപ്പെടുന്നു. ഇതിനെയെല്ലാം സൃഷ്ടിച്ചു നിയന്ത്രിക്കുന്ന ഒരു അദൃശ്യശക്തിയുണ്ടെന്നു മനുഷ്യൻ വിശ്വസിച്ചു. അതാണ് ദൈവം.

***കാർബൺ കാലനിർണയം (Carbon dating)***

സസ്യങ്ങളിലും ജന്തുക്കളിലും, അതുപോലെ മറ്റു ജീവികളിലും ഒരു നിശ്ചിത അളവ് കാർബൺ ($C^{14}$) അടങ്ങിയിരിക്കുന്നു. അതിന്റെ കൂടെ സാധാരണ കാർബൺ ($C^{12}$) ഉണ്ട്. എന്നാൽ ജീവികൾ മരിക്കുന്ന സമയം മുതൽ കാർബൺ 14-ന്റെ അളവ് റേഡിയോ-ആക്ടീവ് വിഘടനം കൊണ്ട് ക്രമേണ കുറയുന്നു. ജീവികളുടെ അവശിഷ്ടത്തിലുള്ള കാർബൺ 14-ന്റെ അളവ് തിട്ടപ്പെടുത്തി അതു മരിച്ചത് ഏതു കാലത്താണെന്നു കണക്കാക്കാം. ഇതു പറഞ്ഞപ്പോൾ ഒരു കാര്യമോർക്കുന്നു. ക്രിസ്തുവിനെ ക്രൂശിച്ച മരത്തിന്റെ ഒരു കഷണം കണ്ടെടുത്ത് തെളിവുസഹിതം കാർബൺ 14 കാലനിർണയത്തിന് ഉപയോഗിച്ചു. പക്ഷേ വിജയിച്ചില്ല. രണ്ടായിരം വർഷം പഴക്കം കാണേണ്ടതാണ്. അതുപോലെ, നോഹയുടെ പെട്ടകത്തിന്റെ ഒരു കഷണവും $C^{14}$ കാലനിർണയത്തിൽ വിജയിക്കാതെ പോയി എന്നാണോർമ്മ.

***പരിവർത്തനം (evolution)***

ഭൂമിയ്ക്കുള്ളിൽ പാറക്കെട്ടുകളിലും അതുപോലെ ഉറച്ച ഭാഗത്തും കുടുങ്ങിപ്പോയ സസ്യങ്ങളുടെയും മൃഗങ്ങളുടെയും അവശിഷ്ടങ്ങളെ ഫോസിൽ (fossil) എന്നു പറയും. ചരിത്രാതീത കാലത്തെ സസ്യങ്ങളുടെയും ജീവികളുടെയും ഫോസിൽ കണ്ടെടുത്ത് കാലനിർണയം നടത്തിയിട്ടുണ്ട്. ഫോസിൽ ഉപയോഗിച്ച് അന്നത്തെ ജീവികളുടെ രൂപം ഊഹിക്കാം. ജീവജാലങ്ങൾക്ക് തലമുറകളിലൂടെ സംഭവിക്കുന്ന പരിവർത്തനം അടിസ്ഥാനമാക്കിയാണ് ചാൾസ് ഡാർവിൻ വിഭാവന ചെയ്ത പ്രക്രിയ. ***നിലനിൽപ്പിന് അനുയോജ്യമായ ഗുണങ്ങളോടുകൂടിയ വ്യക്തികൾ മാത്രമേ ജീവിതമത്സരത്തിൽ വിജയിക്കൂ. അല്ലാത്തവയെ പ്രകൃതി തന്നെ നശിപ്പിക്കും.*** ഇതിനെ പ്രകൃതി നിർധാരണം (natural selection) എന്നു പറയുന്നു. അനേകമനേകം നൂറ്റാണ്ടുകൾ കൊണ്ടാണ് ഈ രൂപാന്തരം സംഭവിക്കുന്നതെന്നോർക്കണം.

പരിവർത്തനമെന്നത്, സാധാരണക്കാരന്റെ ഭാവനയിൽ, മനുഷ്യൻ കുരങ്ങിന്റെ സന്തതിയാണെന്നു പറയുന്ന സിദ്ധാന്തമാണ്. ഇവലൂഷനെ താങ്ങാൻ ഡാർവിൻ നിരത്തിവച്ച തെളിവുകൾ നിരവധിയാണ്. ചെടികളും മൃഗങ്ങളും പക്ഷികളും കീടങ്ങളും പ്രാണികളും അവയുടെ ഇന്നു കാണുന്ന രൂപം പ്രാപിച്ചതിനു പിന്നിൽ ഇവലൂഷൻ പ്രവർത്തിച്ചുവെന്നതിന് ഉദാഹരണസഹിതം തെളിവുകൾ നിരത്തിയ ഡാർവിന്റെ പ്രവർത്തനം അതുല്യമാണ്. മനുഷ്യക്കുരങ്ങൻമാർ - ഗറില്ല, ചെമ്പൻസി, മുതലായവ- മരത്തിൽ ജീവിച്ചു. മരത്തിൽ സഞ്ചരിക്കാനുതകുന്ന തള്ളവിരൽ ഉൾപ്പെടെയുള്ള വിരലുകൾകൊണ്ട് കുരങ്ങനു മരക്കൊമ്പിൽ മുറുകെ പിടിക്കാം. അതുപോലെ, പാദങ്ങൾക്കും പിടിക്കാം. ചുറ്റിത്തൂങ്ങാൻ വാലുമുണ്ട്. ഏതോ ഒരുകാലത്ത് അതിൽ ചിലർക്ക് നിലത്തു സഞ്ചരിക്കേണ്ട ആവശ്യം നേരിട്ടു. കാലക്രമേണ നിലത്തു സഞ്ചരിക്കുന്നതിനുതകുന്ന ചില വ്യത്യാസങ്ങൾ വന്നുകൂടി. വളരെ നാളുകളെടുത്തുവെന്നു കരുതിക്കോളൂ. നാലു കാലിൽ നടക്കാതെ നിവിർന്ന് നടക്കേണ്ട ആവശ്യം പലപ്പോഴുമുണ്ടായി. തുടർന്ന്, രണ്ടു കാലിൽ നടക്കുകയായി. പിടിമുറുക്കാൻ കൈവിരലുകൾ മാത്രം മതിയെന്നുമായി. ക്രമേണ വാൽ നഷ്ടപ്പെട്ടു. ഇപ്പോഴും മനുഷ്യന്റെ അസ്ഥികൂടത്തിൽ വാലിന്റെ ഒരു കണ്ണിയെല്ലുണ്ട്-നട്ടെല്ലിന്റെ താഴത്തെ അറ്റത്ത്. ഇരുകാലിൽ നടക്കുന്നത് ഇപ്പോഴും ഒരു അഭ്യാസമാണ്. ചുവടുവയ്ക്കുമ്പോൾ കൈവീശി വീഴാതെ രക്ഷപ്പെടുന്നു. പിറന്നുവീഴുന്ന ശിശുക്കൾ ഒന്നു രണ്ടു വർഷങ്ങൾ കൊണ്ടാണു നടക്കാൻ പഠിക്കുന്നത്.



മൽസ്യങ്ങൾ, പറവകൾ, പ്രാണികൾ, കീടങ്ങൾ, മൃഗങ്ങൾ, സസ്യങ്ങൾ ഇവയിൽ നിന്നെല്ലാം തെളിവു ശേഖരിച്ചുകൊണ്ടു കടന്നുപോകുന്നു. സാഹചര്യങ്ങൾക്കനുകൂലമായ മാറ്റങ്ങൾ വരുത്തുന്ന ജീവികൾ മാത്രം നിലനിൽക്കുന്നു, അല്ലാത്തവയെല്ലാം നശിച്ചു പോകുന്നു. മനുഷ്യൻ കുരങ്ങന്റെ സന്തതിയാണെന്നുള്ള കണ്ടെത്തൽ പലർക്കും രസിച്ചില്ല. മനുഷ്യനെ ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ചുവെങ്കിൽ അവൻ വേറൊരു സൃഷ്ടിയാണെന്നും കുരങ്ങനല്ലെന്നും അവർ വാദിച്ചു. മനുഷ്യന് ഇപ്പോഴും ഓരോരോ വ്യത്യാസങ്ങൾ വന്നുകൊണ്ടിരിക്കയാണ്, വളരെ സാവധാനത്തിലാണെന്നു മാത്രം. ***സാഹചര്യം മാറുമ്പോൾ അതിനനുസരിച്ച് മനുഷ്യനും മാറണം.*** ആധുനിക മനുഷ്യനും പ്രാചീന മനുഷ്യനും തമ്മിൽ വളരെ വ്യത്യാസമുണ്ട്. പുരോഗമനമില്ലെങ്കിൽ നിലനിൽപ്പില്ല. ഭാഷ, മതം, വസ്ത്രം, പാർപ്പിടം എന്നിങ്ങനെ പലതും വർഷങ്ങൾ കൊണ്ടാണുണ്ടായത്. **പുതിയ ചുറ്റുപാടിൽ ചേരാത്തത് നശിക്കും, ചേരുന്നത് വളരും.** വംശപാരമ്പര്യം സന്തതിക്കു കൈമാറും. പൊക്കമുള്ള മാതാപിതാക്കൾക്കു പൊക്കമുള്ള മക്കൾ.

***മതങ്ങൾ***

മനുഷ്യപുരോഗതിയിൽ ആദ്യകാലത്ത് മതമുണ്ടായിരുന്നോ എന്നറിയില്ല. മതത്തിന് ഒരു ചുരുങ്ങിയ നിർവചനം കൊടുത്തത്, ആത്മീയചിന്തകളുൾക്കൊള്ളുന്നത് എന്നത്രെ. എല്ലാ സമുദായങ്ങളിലും ഇങ്ങനെയൊരു ചിന്ത ഉള്ളതായി കാണുന്നു. പ്രകൃതിയുടെ ഒഴുക്കിനെ തടസ്സപ്പെടുത്താനും ശക്തിപ്പെടുത്താനും അദൃശ്യശക്തികൾക്കു സാധിക്കും. മനുഷ്യൻ അവയെ പൂജിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്താൽ ഗുണകരമായ മാറ്റങ്ങളുണ്ടാകും. അല്ലെങ്കിൽ, ദോഷം ചെയ്യും. അങ്ങനെ ദൈവവിശ്വാസമുണ്ടായി. ഇതര ജീവികളെ അപേക്ഷിച്ച് മനുഷ്യൻ ദൈവത്തോടോ മറ്റ് അദൃശ്യശക്തികളോടോ പ്രാർത്ഥിക്കുന്നു. കുറ്റം ഏറ്റുപറയുന്നു, ആവശ്യങ്ങൾ പറയുന്നു. ***മതത്തിന്റെ വിശ്വാസമാണ് ആത്മാവ്; ശാസ്ത്രം കണ്ടുപിടിച്ചതല്ല.*** മരണത്തോടെ ഈ ജഡമുപേക്ഷിച്ച് ആത്മാവു വേർപെടുന്നു. മരണാനന്തരം ആത്മാവിന്റെ ജീവിതം ഇഹലോകജീവിതത്തിന്റെ ശിക്ഷയോ രക്ഷയോ ആയിരിക്കും. ജനനം, വിവാഹം, മരണം

*(ശേഷം പേജ് 14)*

# The Relevance of Christian Education



Rev. Madhusudan Das

Over the years the Indian Church has had to face various challenges. Inspite of many ups and downs and various attacks of the devil, the Church in India has grown incredibly to greater spirituality and has accomplished much. Yet, the ***21st century poses problems and pressures that are unique to this age, leaving the church in need of a systematic method of Christian education.*** This includes pastoral teaching, effective Sunday school, weekly Bible studies and the like. Often the role of Christian education is not taken seriously. However, it plays a vital role in equipping the Church.

*Christian education to train trainers :* The Bible talks much about training the saints, which has to be carried out in the context of the local congregation. God has enabled many to help His people through the Holy Spirit. We have among us apostles, prophets, evangelists, pastors and Sunday School teachers who minister to the needs of God's people. They, however, require training.

*Christian education and spiritual formation :* The purpose of Christian education is to assist in the spiritual formation of the Church. Raising children has become immensely difficult in our society. **Basic human values like self-esteem, self-identity, self-discipline and self-sacrifice are nearly extinct. In this context, it is extremely important to develop a caring church.** This makes Christian Education absolutely necessary. To build a living Church the role of the Bible is vital.

*Christian education and spiritual growth :* Today the church is required to function as a Bible college, providing the essential fundamental teachings of the Bible to its own congregation. Christian education involves the pastors of churches and preachers to have a pulpit strategy or a preaching calendar to follow through the year in the context of the church. This enables a constructive and systematic study of the fundamental doctrines of the Bible that allows people to become mature Christians.

*Christian education for developing others :* Biblical mentoring is an integral part of Christian education. Developing others has to be reemphasized in our Christian society. The life of Jesus and Paul shows us implicitly that developing people is important in Christian ministry. In our context, whether it is the Sunday school teacher, the pastor, mission leader, lay leader or teacher/preacher, they all need to mentor others, build relationships and become a role model.

*Christian education and pluralistic society :* We live in a pluralisitic society. As Christians we are naturally tolerable, peaceful, prayerful and gentle when we deal with others. However, we cannot escape from Biblical exclusivism. In recent years for the sake of building up harmony and tolerance with those of other faiths, several concepts have emerged among Christian theologians such as *Inclusivism* (considers all religions the same, so that their values can be accepted to enrich our spirituality), *Exclusivism* (view other faiths as totally false, Christianity as superior to other faiths), *Interpretation* (insists that Christianity along with other faiths is part of an evolutionary process), *Parallelism* (accepts religious pluralism as an unavoidable reality in the life of society). In this context our personal conviction, what we believe and why we believe, is what fashions the Christian education and communication. ***The basic responsibi- lity of Christian education is to inform, to form, and to transform the lives of our people.***

*Christian education in the pursuit of Biblical prophecies.* We are continually witnessing world events which corresponds with Biblical prophecies. There is an anxious desire to know the future. Both Christians and non-Christians are trying to find out through books, videos, Internet etc. where the world is heading to. Today, many non-Christians are willing to hear about the Biblical prophecies and their fulfilment. Therefore, Christian communicators and educators should explain the Biblical prophecies to the modern man.

*Christian education in the contemporary situation:* Today religious fundamentalism is growing rapidly. Fanatic groups want to change the Constitution of India, rewrite history and bring in a new educational system. Secularism is now at stake. Opposition against the Church has been increasing. In such circumstances the church through sound Christian education can strengthen its people to stand firm like Daniel, uncompromising in hostile situations.

*Christian education and social issues :* ***Our country still faces many social issues such as ethnic clashes, riots, racism, casteism, untouchability, female foeticide, girl infanticide, gender bias, dowry system, domestic violence, child labour, illiteracy, unemployment, poverty and AIDS. The Christian response to all these issues need to be addressed in our churches as part of Christian education.***

The Church is the place where lives can grow with a strong Christian conviction. An effective Bible-orientated Christian education helps produce men in the likeness of Christ. The Church should continually encourage the growth of Christian education to strengthen its people.

***(The Rev. Madhusudan Das is presently the General Secretary of CEEFI, the Christian Education wing of Evangelical Fellowship of India.)*** ◆◆



# "ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു"

ജോർജ് ബഹനാൻ ടി.

ജനറൽ അയൂബ്ഖാൻ പാകിസ്ഥാൻ അടക്കി വാഴുന്ന കാലത്ത് അവിടെയൊരു ബിഷപ്പായിരുന്നു ചന്ദുറേ. ഹിന്ദുവായിരുന്ന ചന്ദുറേ തന്റെ 22-ാം വയസ്സിൽ കർത്താവിനെ കണ്ടെത്തി ക്രിസ്ത്യാനിയായി. സിംഗപ്പൂരിലെ ഹഗ്ഗായി ഇൻസ്റ്റിട്യൂട്ടിൽ മതങ്ങളെപ്പറ്റി അദ്ദേഹം എടുത്ത ക്ലാസ്സുകളിലിരുന്നു പഠിച്ച ലഫ്. കേണൽ തോമസിന് ബിഷപ്പ് ചന്ദുറേയുടെ ജീവിതത്തിലെ ധീരതകളെപ്പറ്റി പറയുമ്പോൾ കണ്ണുകൾ നിറയും. പാകിസ്ഥാനിലെ ജനങ്ങളെ കൊല്ലുകയും കൊള്ളയടിക്കുകയും ചെയ്ത അഫ്ഘാൻ കൊള്ളക്കാരെ അവരുടെ വീടുകളിൽ ചെന്ന് കർത്താവിന്റെ സ്നേഹത്തെപ്പറ്റി പറഞ്ഞു മനസ്സിലാക്കി രക്ഷപ്പെടുത്തി. കൊള്ളക്കാരെ എങ്ങനെ ഒതുക്കാമെന്ന് അയൂബ്ഖാൻ ബിഷപ്പ് ചന്ദുറേയോട് ഉപദേശം ചോദിച്ചതിനുശേഷമാണ് അവരെ തിരക്കിയിറങ്ങിയത്. ബിഷപ്പ് ചന്ദുറേയെപ്പോലെയുള്ള നേതാക്കന്മാരുടെ വംശനാശം സംഭവിച്ചു കഴിഞ്ഞു.

ധൈര്യം ക്രിയാത്മകവും ചലനാത്മകവുമായ ഒരു ഊർജ്ജമാണ്, അതിലുമുപരി, ഒരു നന്മയാണ്. ***ധൈര്യമില്ലാത്തവർ ജീവിതത്തിൽ പല പ്രാവശ്യം മരിക്കുമെന്ന് ഷെക്സ്പിയർ പണ്ടേ പറഞ്ഞിട്ടുണ്ട്. നമ്മിൽ പലരും ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചുകൊണ്ടിരിക്കുന്നവരാണ്. ധൈര്യം നഷ്ടപ്പെട്ട സമൂഹത്തിന് ഒരു കാലത്തും നിലനിൽക്കാനാവില്ല.*** "ധനം നഷ്ടപ്പെടുന്നത് വലിയ നഷ്ടമാണ്. കൂട്ടുകാരെ നഷ്ടപ്പെടുന്നത് അതിലും വലിയ നഷ്ടം. പക്ഷേ ധൈര്യം നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടമാകും". Miguel Cervantes-ന്റെ ഈ വാക്കുകൾ ഏതു കാലഘട്ടത്തിനും അനുയോജ്യമാണ്. എല്ലാം നഷ്ടപ്പെട്ട ഒരു സമൂഹത്തിലാണു നാം ജീവിക്കുന്നത്. സഭയെയും സമൂഹത്തെയും രാജ്യത്തെ മുഴുവനായും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഭീരുക്കളാണു നമ്മൾ. പ്രശ്നങ്ങളിൽ നിന്നും ഭയമുണ്ടാക്കുന്ന സാഹചര്യങ്ങളിൽ നിന്നും ഓടിയൊളിക്കാനുള്ള പ്രവണതയാണു നമുക്കുള്ളത്. ഒട്ടകപ്പക്ഷിയെപ്പോലെ ശത്രുക്കൾ പിന്തുടരുമ്പോൾ മണലിൽ തലയൊളിപ്പിക്കുന്ന സ്വഭാവം ഭീരുത്വത്തെയാണ് കാണിക്കുന്നത്. ഒളിച്ചോട്ടം പ്രശ്നപരിഹാരമല്ല. പക്ഷേ ധീരത പ്രശ്നം പരിഹരിക്കും, കൂടുതൽ സാദ്ധ്യതകൾ സൃഷ്ടിക്കും. ധൈര്യഹീനർ തെർമോമീറ്റർ പോലെയാണ്. ചുറ്റുപാടുകളിലെ ഏതു മാറ്റവും അവരെ ഞെട്ടിക്കും. എന്നാൽ ധീരന്മാർ തെർമോസ്റ്റാറ്റ് പോലെയാണ്. അവർ പ്രശ്നങ്ങളെ കൈകാര്യം ചെയ്ത് ചുറ്റുപാടുകളെ നിയന്ത്രിക്കുകയും പുതിയ തുടക്കങ്ങൾ കുറിക്കുകയും ചെയ്യും. ചരിത്രത്തിന്റെ ഏടുകളിൽ ധീരന്മാരുടെ കാൽപ്പാടുകളേ കാണാനുള്ളൂ. അവർ കാലഘട്ടങ്ങളെ സൃഷ്ടിക്കുന്നവരാണ്.

ഏബ്രഹാം ലിങ്കന്റെ ധീരതയാണ് ഇന്നത്തെ അമേരിക്കൻ ഐക്യനാടുകളുടെ തുടക്കം കുറിച്ചത്. ഐഡ സ്കഡർ എന്ന അമേരിക്കൻ മിഷനറിയുടെ ധീരമായ സേവനത്തിന്റെയും തീരുമാനങ്ങളുടെയും ഫലമാണ് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ്. ഹിറ്റ്ലറിന്റെ വേലിയേറ്റത്തിൽ നിന്ന് ഇംഗ്ലണ്ടിനെ രക്ഷിച്ചത് "ഞങ്ങൾ ഒരിക്കലും കീഴടങ്ങുകയില്ല" എന്ന് ഉറക്കെപ്പറഞ്ഞ വിൻസ്റ്റൺ ചർച്ചിലാണ്. ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളെ യോജിപ്പിച്ച് ആധുനിക ഇൻഡ്യ ഉണ്ടാക്കിയത് സർദാർ വല്ലഭായി പട്ടേൽ എന്ന ഉരുക്കു മനുഷ്യനാണ്. പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ചരിത്രം എത്തി നിൽക്കുന്നത് വ്യക്തികളുടെ ധൈര്യത്തിലും ത്യാഗത്തിലുമാണ്. **വ്യത്യസ്തമായി ചിന്തിക്കാനുമുള്ള ധൈര്യമാണ് എല്ലാ മാറ്റത്തിന്റെയും കേന്ദ്രബിന്ദു.** എല്ലാ കണ്ടുപിടുത്തങ്ങളുടെയും പുറകിൽ, വ്യത്യസ്തമായി ചിന്തിക്കാനുള്ള ധൈര്യം കാട്ടിയവരെയാണ് നാം കാണുന്നത്. അധികാരത്തിലിരിക്കുന്നവരിൽ ഏറ്റവും കൂടുതലായി കാണേണ്ട മാനസിക സവിശേഷത ധൈര്യമാണ്. അധികാരമുപയോഗിച്ച് പുരോഗമനപരമായ കാര്യങ്ങൾ ചെയ്യാനും, അധികാരം ദുരുപയോഗം ചെയ്യാതിരിക്കാനും ധൈര്യമാവശ്യമാണ്. ദൈവത്തിൽ വിശ്വസിച്ച് ശരിയായ കാര്യങ്ങൾ ചെയ്യുന്ന ധൈര്യശാലികളായ അധികാരികളെയാണ് ഇന്നാവശ്യം. "One man with courage makes a majority" - ആൻഡ്രൂ ജാക്സന്റെ ഈ വാക്കുകൾ ശ്രദ്ധേയമാണ്.

വിശുദ്ധനായ ക്രിസോസ്റ്റത്തെ റോമാ ചക്രവർത്തി പിടികൂടി. അദ്ദേഹത്തെ കൈകാര്യംചെയ്ത് ക്രിസ്തീയ വിശ്വാസത്തിൽ നിന്നു മാറ്റാൻ എന്തുചെയ്യണമെന്ന് ചക്രവർത്തി ആലോചിച്ചു. "ക്രിസോസ്റ്റത്തെ കൽത്തുറുങ്കിലടയ്ക്കാം" ചക്രവർത്തി പറഞ്ഞു. പക്ഷേ ക്രിസോസ്റ്റത്തിന് ആ സ്ഥലത്തെ ഏകാന്തത വളരെ ഇഷ്ടമാകും. അവിടെ തന്റെ ദൈവത്തിന്റെ കൃപകളെ ഓർത്ത് സന്തോഷിക്കാൻ അദ്ദേഹം സമയം ചെലവഴിക്കുമെന്ന് ഉപദേശകർ ചക്രവർത്തിയെ ഓർമിപ്പിച്ചു. അപ്പോൾ ചക്രവർത്തി പറഞ്ഞു, "എന്നാൽ അദ്ദേഹത്തെ തൂക്കിലേറ്റാം". പക്ഷേ അദ്ദേഹത്തിന് മരിക്കാൻ ഭയങ്കര സന്തോഷമാണ്. മരിച്ചാൽ തന്റെ പിതാവിന്റെ സന്നിധിയിലേക്കു പോകാമല്ലോ. അതുകൊണ്ട് കൊല്ലരുതെന്ന ഉപദേശമാണ് ചക്രവർത്തിക്കു കിട്ടിയത്. "അപ്പോൾ ഇയാളെ എന്തു ചെയ്യും", ചക്രവർത്തി ചോദിച്ചു. ക്രിസോസ്റ്റത്തെ വേദനിപ്പിക്കാൻ ഒരു മാർഗമേയുള്ളൂ. അയാൾ ജീവിക്കട്ടെ. അപ്പോൾ എന്തെങ്കിലും പാപം അയാൾ ചെയ്യാതിരിക്കില്ല. അദ്ദേഹത്തിന് ഏറ്റവും പേടി പാപത്തെയാണ്. ഈ ഉപദേശം ചക്രവർത്തിക്ക് ഇഷ്ടമായി. ക്രിസോസ്റ്റത്തെ സ്വതന്ത്രനാക്കി. നമ്മുടെ നേതാക്കന്മാർക്ക് ദൈവത്തെ മാത്രം പേടിയില്ല. എല്ലാവരെയും പേടിച്ചു ജീവിക്കുന്ന നമ്മുടെ സഭാനേതാക്കന്മാർക്ക് എന്തു ചെയ്യാൻ സാധിക്കും. അവരെ തിരഞ്ഞെടുക്കാൻ സഹായിച്ച "ലോബി"യെ ഭയം; പ്രതിപക്ഷത്തെ ഭയം, രാഷ്ട്രീയക്കാരെ ഭയം! അവസാനം, നമ്മുടെ നേതാക്കന്മാർ സഭയ്ക്കും സമൂഹത്തിനും ഭാരമായി മാറുന്നു. സ്ഥാനം പോയാലും തെറ്റ് തെറ്റെന്നും, ശരി ശരിയെന്നും പറയാൻ ധൈര്യമുള്ളവരെയാണാവശ്യം. ബാലസിംഹം പോലെ നിർഭയമായിരിക്കുന്ന നീതിമാൻമാരെ നമുക്കാവശ്യമായിരിക്കുന്നു. പ്രത്യേകിച്ച്, സഭയ്ക്കും രാഷ്ട്രത്തിനും. മരണസമയത്തും ധീരതയോടെ മരിച്ച അനേകം വിശ്വാസികൾ നമ്മുടെ മുൻപിലുണ്ട്. സ്തേഫാനോസ് തൊട്ട് ഗ്രഹാം സ്ടെയ്ൻസ് വരെ എത്തി നിൽക്കുന്നു അവരുടെ നിര. പത്രോസിനെ പിടിച്ച റോമാ ചക്രവർത്തി അയാളെ കുരിശിൽ തറച്ചു കൊല്ലാൻ ആജ്ഞാപിച്ചു. അപ്പോൾ പത്രോസ് പറഞ്ഞു, "കർത്താവിനെ ക്രൂശിച്ചതുപോലെ എന്നെ ക്രൂശിക്കരുത്. എനിയ്ക്ക് അതിനു യോഗ്യതയില്ല. എന്നെ തലകീഴായി ക്രൂശിച്ചാൽ മതി!" അതാണു ധീരത. ആദർശങ്ങൾക്കുവേണ്ടിയുള്ള ധീരത, വിശ്വാസ

**നമ്മുടെ നേതാക്കന്മാർക്ക് ദൈവത്തെ മാത്രം പേടിയില്ല. എല്ലാവരെയും പേടിച്ചു ജീവിക്കുന്ന നമ്മുടെ സഭാനേതാക്കന്മാർക്ക് എന്തു ചെയ്യാൻ സാധിക്കും. സ്ഥാനം പോയാലും തെറ്റ് തെറ്റെന്നും, ശരി ശരിയെന്നും പറയാൻ ധൈര്യമുള്ളവരെ യാണാവശ്യം.**

**ദൈവത്തിന്റെ ജഡാവതാരത്തെ പ്പറ്റിയുള്ള പുതിയ ദർശനം കൂടാതെ സുവിശേഷഘോഷണം സാധ്യമല്ല.**

# ഇയ്യോബിന്റെ ഏറ്റുപറച്ചിൽ

ഡോ. മിസ്സസ് അന്നമ്മ ജോർജ്

"**ഞാൻ** നിന്നെക്കുറിച്ച് ഒരു കേഴ്‌വി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു." (ഇയ്യോബ് 42 : 5). ഇയ്യോബ് തന്റെ കഷ്ടതയെപ്പറ്റി ദീർഘമായി പരാതിപ്പെട്ടതിനു ശേഷം ഇങ്ങനെയൊരു ഏറ്റുപറച്ചിൽ നടത്തി. ക്രിസ്തീയവിശ്വാസികളായ നമുക്കും ആരാധനയിലും സുവിശേഷപ്രസംഗങ്ങളിലും പങ്കെടുത്തശേഷം ഇങ്ങനെ പറയാനാകുമോ? ബുദ്ധിപരമായി പറയാമായിരിക്കും. കാണുന്നുവെന്ന് ഇയ്യോബ് പറയുന്നതിന്റെ അർത്ഥത്തെ ആശ്രയിച്ചിരിക്കും നമ്മുടെ പ്രതികരണം! പുറപ്പാട് 33:20–ൽ യഹോവ മോശയോടു പറഞ്ഞത് "നിനക്ക് എന്റെ മുഖം കാണ്മാൻ കഴികയില്ല" എന്നാണ്. യെരുശലേം ബൈബിളിന്റെ അടിക്കുറിപ്പിൽ ഇങ്ങനെയൊരു വിവരണമുണ്ട്: "ശരിക്കും ഒരു ദർശനമല്ല, പ്രത്യുത, ദൈവത്തെപ്പറ്റി ഒരു പുതിയ അറിവാണ്." ആ വിശദീകരണവും എങ്ങും ചെന്നെത്തുന്നില്ല. ഇയ്യോബിന് തന്റെ വിവരക്കേടു ബോധ്യപ്പെട്ടു. "എനിക്കറിഞ്ഞു കൂടാതെവണ്ണം അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി." (42:3). ഈ ഏറ്റുപറച്ചിൽ അവന്റെ അനുതാപത്തിന്റെ ഫലമാണ്. "ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു." (42:6)

യേശുവിന്റെ ജഡാവതാരത്തെപ്പറ്റിയും പീഡാനുഭവത്തെപ്പറ്റിയും ധ്യാനിക്കുമ്പോൾ ദൈവത്തെപ്പറ്റി പുതിയ കാഴ്ചപ്പാടാണുണ്ടാവുക. "എന്നെ കണ്ടവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു." (യോഹ. 14:8). ഒന്നാമത്, അപ്രതീക്ഷിതമായത് വെളിപ്പെട്ടിരിക്കുന്നു. ആ ശിശു ആരാണ്? മാലാഖമാരുടെ ആഗമനവും വിദ്വാന്മാരുടെ സന്ദർശനവും പ്രതീകാത്മകമായത് യാഥാർത്ഥ്യമാക്കുകയായിരുന്നു. ആദ്ധ്യാത്മികമായത് ജഡത്തിൽ ഉൾക്കൊള്ളുകയായിരുന്നു. ബലഹീനമായത് ശക്തി സംഭരിച്ച് അപമാനിതമായതിൽ മഹത്വീകരിക്കപ്പെട്ടു. പെട്ടെന്ന്, ലോകത്തെയും അതിലുള്ളതിനെപ്പറ്റിയും നമ്മുടെ സങ്കൽപ്പങ്ങൾ ഒന്നുമല്ലാതായിത്തീരുന്നു. യാഥാർത്ഥ്യം നമ്മുടെയിടയിൽ വന്നപ്പോൾ മറ്റു സങ്കൽപ്പങ്ങളെല്ലാം ഒന്നുമല്ലാതായി. നമ്മുടെ അന്വേഷണത്വരയിൽ സത്യം കാണുന്നതിനോടുള്ള താൽപ്പര്യക്കുറവാണ് വെളിവാകുന്നത്. നമ്മുടെ നീതിന്യായവ്യവസ്ഥയിൽ നീതിയേക്കാൾ നിയമത്തെയാണംഗീകരിക്കുക. സമാധാനം കൈവരിക്കാനുള്ള ശ്രമം ലക്ഷ്യം തെറ്റിയാണു മുന്നേറുന്നത്. "വചനം ജഡമായി നമ്മുടെയിടയിൽ പാർത്തു" എന്ന സത്യത്തിന്റെ വെളിച്ചത്തിൽ ഇതരസങ്കൽപ്പങ്ങളെല്ലാം വ്യഥാവാണ്. നാം ക്രിസ്തുവിന്റെ അനുയായികളാകുമ്പോൾ 'ഈ ചെറിയവരിൽ ഒരുത്തനു ചെയ്തതെല്ലാം എനിക്കു ചെയ്തിരിക്കുന്നു' എന്നു പറഞ്ഞ കർത്താവിന്റെ ദാസന്മാരാകയാണ്. ദൈവത്തിന്റെ ജഡാവതാരത്തെപ്പറ്റിയുള്ള പുതിയ ദർശനം കൂടാതെ സുവിശേഷഘോഷണം സാധ്യമല്ല. ഇയ്യോബ് അത് അനുഭവിച്ചറിഞ്ഞു. നാമോരോരുത്തരുടെയും അനുഭവം എവിടെയെത്തി നിൽക്കുന്നു? കേട്ടുകേഴ്‌വി സ്വന്തം അനുഭവമായിത്തീർന്നിട്ടുണ്ടോ?

◆◆

---


ത്തിനു വേണ്ടിയുള്ള ധീരത, എല്ലാം ജീവിതത്തെ ധന്യമാക്കുന്ന മനസ്സിന്റെ ശക്തിയാണ്. ഭീരുക്കളെ ലോകത്തിനാവശ്യമില്ല. ഭീരുക്കൾക്കു സ്വർഗമില്ലെന്ന് വേദപുസ്തകം പറയുന്നു. ഭയപ്പെടേണ്ട, ധൈര്യമായിരിക്ക ഈ രണ്ടു വാക്കുകളും ദൈവവചനത്തിന്റെ സ്ഥിരമായ ആശ്വാസവചനങ്ങളാണ്. "ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സുബോധത്തിന്റെയും ആത്മാവിനെയത്രെ ദൈവം നമുക്കു പ്രദാനം ചെയ്തത്" എന്ന് പൗലോസ് അസന്ദിഗ്ദ്ധമായി പറയുന്നു. ആത്മീയമായ ധൈര്യത്തോടൊപ്പം മനഃശാസ്ത്രപരമായ ധൈര്യവും പ്രദാനം ചെയ്യുന്നതാണ് വേദപുസ്തകത്തിലെ വാഗ്ദാനങ്ങൾ. ലോകചരിത്രത്തിന്റെ ഗതി മാറ്റിയതുതന്നെ ഈ ധൈര്യത്തിന്റെ വാഗ്ദാനങ്ങളാണ്. റോമാ ചക്രവർത്തിമാരുടെ കൊടുംക്രൂരതയ്ക്കു മുൻപിൽ ഓച്ഛാനിച്ചു നിന്നിട്ടുള്ളവരല്ല നമ്മുടെ ആദിമ സഭാപിതാക്കന്മാർ. തീയും വാളും അവരെ ഭീരുക്കളാക്കിയില്ല. മാനസികവും ആത്മീയവുമായ ധൈര്യം അവരുടെ മുഖമുദ്രയായിരുന്നു. ഇന്നത്തെ വൈദികരും, ബിഷപ്പുമാരും സഭയെ നശിപ്പിക്കുന്ന ശക്തികളുടെ മുൻപിൽ ഭീരുക്കളായി ഒരക്ഷരം ഉരിയാടാൻ ധൈര്യമില്ലാതെ നിൽക്കുന്നു. അതുകൊണ്ട് അനീതിയും അസത്യവും നമ്മുടെ സഭയിലും സ്ഥാപനങ്ങളിലും കൊടികുത്തി വാഴുന്നു!

ഇന്നത്തെ യുവതലമുറയ്ക്കു കൊടുക്കാൻ ധീരതയുടെ എന്തെങ്കിലും കഥകളുണ്ടോ? നാം കാണിക്കുന്ന ഭീരുത്വത്തിന്റെ മുഖങ്ങൾ അവരെ മാനസികമായി ബാധിക്കുന്നു. രാഷ്ട്രീയക്കാരുടെ കാലുപിടിക്കുന്നതും, കൈക്കൂലി കൊടുക്കുന്നതും, അങ്ങനെ നാം ചെയ്തു കൂട്ടുന്ന ഭീരുത്വപരമായ വികൃതികൾ നിമിത്തം ഇളംതലമുറയ്ക്കു മനഃശാസ്ത്രപരമായി യാതൊരു ശക്തിയും പകർന്നുകൊടുക്കാൻ സാധിക്കുന്നില്ല. യുലതലമുറയ്ക്ക് റോൾ മോഡലുകളുണ്ടാകണം. അവർ ലിങ്കനെയും റൂസ്‌വെൽറ്റിനെയും ഗാറിബാൾഡിയെയും വല്ലഭായി പട്ടേലിനെയും ഗാന്ധിജിയെയും ഒക്കെ അറിയട്ടെ, പഠിക്കട്ടെ! "ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന ശബ്ദം കേട്ട് ഒരു പുതിയ ലോകം കെട്ടിപ്പടുക്കുവാൻ ധീരതയോടവർ ഇറങ്ങട്ടെ.

◆◆

## A DESSERT

Watch your thoughts, they become WORDS.
Watch your words, they become ACTIONS.
Watch your actions, they become HABITS.
Watch your habits, they become CHARACTER.
Watch your character, for it becomes your DESTINY.




"......and all the trees of the field shall clap their hands." (Is. 55:12)

India is a garden of several plants and trees. First of all, let us take an oath to protect and nurture them and to celebrate their identities. **Bio-diversity is indeed an expression of plurality in human community and we need to know the art of celebrating the bond of unity that exists in the web of life. Let us be humble enough to know that the trees on the lap of Mother Earth are meant to teach us the basics of relationship.** The roots of a tree are local entities whereas their branches are global. The local and the global make our pursuit of truth to fruition.

Karnataka State was passing through an agonizing period of draught. There were prayers offered to the "raingods" all over the state. It was indeed a gesture of one's faith in the benevolence of the Creator God. Commenting on this, Mr. T. J. S. George wrote in the New Indian Express: "Pray for rain, but don't forget God is just". Then he laments: "In India we have gone about destroying forests, river systems, our soil and air.....In every State in India, forests are systematically denuded." These words of wisdom can never be ignored. I wonder whether the trees and the forests in India have also started praying as follows: "O God, our creator and sustainer, we beseech you to bless the lions and the tigers and even the very poisonous snakes to beget more of their offsprings so as to create fear among the humans when they come to attack us." The time has come for us to join the wild animals in their prayers! By felling the trees and denuding the forests we kill the rain cycle and ourselves. Someone has rightly said, the third world war will be on "water". I have read somewhere that in ancient times a war was waged to capture a piece of land where aloe was grown. The secret of the beauty of Cleopatra was attributed to her constant application of aloe on her face! A time may come for us to conquer tropical forests of various countries and to transplant them on our barren lands where the market system has raped and murdered them. Violence against trees and plants are on the increase. In the name of forest fires, we have also found excuses to mar the topography of Mother Earth. In making X'mas cards too, you and I fell millions of trees for making wood pulp! Religious festivals have also contributed their share of air and water pollution in different ways. I am sure the Creator will not be pleased if we act against his purpose for all living beings on this planet. There is also a proposal to the linking of rivers in the country. If we listen to the inner voice, let us allow the rivers to take their own course and permit their freedom to submerge into the Sea. Water in the river is meant for all, including the trees, birds and the animals! Fruits of the trees are also meant for birds. The branches of the tree are meant to be the abode of birds. In telling a parable, Jesus compares the kingdom of God to a mustard seed and then speaks of the branches of the tree giving shelter to the birds of the air. Let us therefore be not too selfish in killing the forests. Let us move from an anthropocentric to a bio-centric attitude to life. Let us pose for a while and ask ourselves: Would the trees around us clap their hands? Would they wave their hands when they meet us on the road side? Would the birds around us praise God at the outbreak of the dawn?

In India, *Vanamaholsava* has become a political gimmick. Planting of trees is initiated without giving serious thought to their watering and manuring. One should remember the words of a celebrated Jewish Rabbi: if you have a sapling in your hand and you are told the Messiah has come, first plant the sapling and then go to greet the Messiah. The vineyard on our campus adjacent to the dining hall is a symbol of the unity of the churches in Asia as the saplings were planted by theologians from different countries in Asia. It is indeed remarkable that they belong to various church traditions. We have named it "An Ecumenical Vineyard". ***The inter-dependence between the humans and other living beings on this planet, particularly between human beings and the trees, is yet to be recognized as a divine formula for meeting Him in the garden of Eden.*** The imagery of the New Heaven and the New Earth sums up in the symbol of "the tree of life" and their leaves are prescribed for the healing of the nations.

The silence of the trees around us are words of utterance. They speak to us in bold language and teach us to be patient. They manifest the patience of Mother Earth. Rabindranath Tagore wrote: "I asked the tree speak to me about God. And it blossomed." Let us contribute our best to social amity and ecological integrity. Let us affirm that ecology is also a matter of faith. **Let us learn the art of branching out like a tree and sharing the fruits of truth,order and beauty.**

***(The Rev. Dr. M.J. Joseph, formerly Principal of the Mar Thoma Theological Seminary, Kottayam, is currently the Director of ECC, Bangalore)***

◆◆

# TOGETHER WE CANNOT FAIL

REV. DR. SAMUEL KOBIA

I am deeply humbled by this great honour of being elected the General Secretary of the World Council of Churches. I come from a culture where this is considered not as a victory of the individual. It is our victory, belonging to all of us together, because I believe it is God's will that I be asked to assume this responsibility within my calling in ecumenical ministry. It is in that spirit that I accept this appointment because, together, we cannot fail. Our diversity is our strength. That is why we must safeguard the multilateral space that WCC provides for churches around the world. This is a unique multilateral space that brings people from churches of different traditions and histories together in a way that no other organization in the world can. It is therefore with profound thanksgiving to God and to this movement of the churches that I will serve with dedication and with all my strength, and with God helping me.

Today we live in a world we recognize as a broken world; a world searching for meaning in life and for security, yet a world in which many lead meaningless and insecure lives. The answer is neither in politics nor in economics. Nor is the answer to be found in military might. The problem humankind is facing today is deeply spiritual and moral. This therefore is a huge challenge to the WCC. We will work tirelessly towards the healing of the world and the restoration of the human dignity of all the people of God. **The challenge the world is facing today is how to relate to one another as human beings and not merely as consumers and sellers, or as powerful and powerless.** The historical injustices of preceding centuries have come back to haunt us in the twenty-first century. Unless and until these underlying historical injustices are resolved, it will be difficult for everyone to feel safe in this world. As a council of churches, we commit ourselves to advocate for non-violent ways of attaining justice, peace, forgiveness and reconciliation. For the WCC to gain the capacity to inspire the world, we need inner strength. Our strength lies also in our unity. As we reiterate that WCC is first and foremost a fellowship of churches whose primary purpose is to call one another to visible unity in one faith and one eucharistic fellowship, and "to advance to that unity so that the world may believe", we must work together and be seen to be working together. The Common Understanding and Vision document provided a framework within which the members of the WCC are enabled to reaffirm their ecumenical vocation.

I wish to pay tribute to the outgoing general secretary, my colleague and dear friend, Dr. Konrad Raiser. Konrad has provided strong and insightful leadership during very difficult times, especially in a period when we have been facing financial problems. But, thanks to his resolve and determination, he leaves the Council at a time when we begin to see signs of economic recovery for the Council.

As general secretary, I shall consider myself to be the captain of the team. Every member of the team is valuable because we can succeed only with the participation of all. The welfare of staff will be a high priority for me. The work of the general secretary is not just programme and financial management. Even more critically, it is spiritual leadership. We must seek ways of deepening the spiritual life even in the Ecumenical Centre community. And because this is not going to be easy, we would want to call on the Central Committee to accompany us in this effort to deepen our spirituality in our lives here in this community. As general secretary, I particularly want to believe, and to call on this Central Committee not just to appoint me and leave me alone. It is very easy to leave leaders alone. I know this because I have been the general secretary of the National Council of Churches of Kenya. I know that the higher we go, the colder it gets. Very often, people come to you as general secretary and expect you to support them in every way, including emotionally and spiritually. But where does the general secretary go? Therefore, I propose that we find a mechanism, a way to be in contact with each and every one of you, starting with Moderator and the officers, so that we shall walk together. I believe that the twenty-first century will be a century where spirituality will take centre stage in our lives. Spiritual accompaniment, therefore, should be what social solidarity was in the twentieth century. My intention is to find ways of deepening and broadening spiritual accompaniment among the WCC member churches as well as others. It could be as simple as churches in the Pacific or anywhere else going down on their knees to pray and to give prayerful support for other churches in the US or Europe, or other places when they find themselves in need of that. And we will endeavour to send "living letters", who can be there so that it will be people to people-heart to heart, and not just institution to institution. I wish to conclude with an African saying : "If you want to walk fast, walk alone. But if you want to go far, walk together with others." My prayer is that in this ecumenical movement, we shall go very far, walking together, strengthening each other to fulfil the prayer of our Lord-that all may be one-to the glory of the Triune God, Father, Son and Holy Spirit. ◆◆

> *"If you want to walk fast, walk alone. But if you want to go far, walk together with others."*

# ദൈവശാസ്ത്ര വ്യാഖ്യാനത്തിൽ പുതിയ സമീപനമാവശ്യം



ഗുരുകുൽ ലൂഥറൻ തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. മാണി ചാക്കോയുമായി ന്യൂ വിഷൻ ചീഫ് എഡിറ്റർ നടത്തിയ അഭിമുഖം

• ***ഏതു സഭയുമായി ബന്ധപ്പെട്ടാണ് സെമിനാരി പ്രവർത്തിക്കുന്നത്?***

ലൂഥറൻ സഭയുടേതാണ് ഈ സെമിനാരി.

• ***ലൂഥറൻ സഭയും സി.എസ്.ഐ. സഭയും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ?***

ദൈവശാസ്ത്രപരമായി വ്യത്യാസങ്ങളില്ലെങ്കിലും ഇതുവരെ ബന്ധത്തിൽ വന്നിട്ടില്ല.

• ***ലൂഥറൻ സഭ എല്ലാ രാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ടോ?***

ലോകമെങ്ങും ലൂഥറൻ സഭകളുണ്ട്. ഇന്ത്യയിൽ തന്നെ പത്തു ലൂഥറൻ സഭകളുണ്ട് - ആന്ധ്ര ലൂഥറൻ സഭ, തമിഴ് ലൂഥറൻ സഭ എന്നിങ്ങനെ. ഇവയെ കോർത്തിണക്കുന്ന ഒരു സ്ഥാപനവും ഇന്ത്യയിൽ പ്രവർത്തിക്കുന്നു. യുണൈറ്റഡ് ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ച് എന്നാണു പേര്. ഡോ. കെ. രാജരത്നം ആയിരുന്നു ഇതിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി. ഇപ്പോൾ റവ. ഡോ. ചന്ദ്രൻ പോൾ മാർട്ടിൻ ആ ചുമതല നിർവഹിക്കുന്നു.

• ***സെമിനാരിയുടെ ആരംഭം വിവരിക്കാമോ?***

1927-ലാണ് ഈ സെമിനാരി ആരംഭിച്ചത്. 1970 മുതൽ 1985 വരെ സെമിനാരിയായി പ്രവർത്തിച്ചില്ല. ബാംഗ്ലൂരിലെ ടി.സി. യിലും സെറാമ്പൂർ കോളജിലും ലയിക്കുകയുണ്ടായി. എക്യുമെനിക്കൽ സെമിനാരികൾ പ്രയോഗത്തിൽ അടിയുറച്ച ദൈവശാസ്ത്രപരിശീലന പരിപാടികൾ നടത്തുന്നില്ലെന്നു ബോദ്ധ്യമായതിനെത്തുടർന്ന് സെമിനാരി 1985-ൽ പുനരാരംഭിച്ചു. ദളിത്, സ്ത്രീകൾ, മാനവവികാസം, പരിസ്ഥിതി സംരക്ഷണം, മതങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിൽ പ്രവാചക ശബ്ദമായിത്തീരുവാനും പ്രവർത്തിക്കുവാനും പരിശീലനം നൽകുന്ന ഒരു സെമിനാരിയായിട്ടാണ് ഇതിനെ വിഭാവന ചെയ്യുന്നത്.

• ***യു.ടി.സി. ഉൾപ്പെടെയുള്ള തിയോളജിക്കൽ സെമിനാരികൾ ഇപ്പറഞ്ഞ വിഷയങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നില്ലെന്നാണോ പറയുന്നത്?***

അന്ന് കൈകാര്യം ചെയ്തിരുന്നില്ല. ഗുരുകുൽ സെമിനാരിയാണ് ദളിത് തിയോളജി ആദ്യമായി അവതരിപ്പിച്ചത്. സെറാമ്പൂർ യൂണിവേഴ്സിറ്റി ഇതംഗീകരിച്ചു. ഇപ്പോൾ പ്രധാന സെമിനാരികളിലെല്ലാം ഈ പഠനശാഖയുണ്ട്.

• ***ഗുരുകുൽ തിയോളജിക്കൽ സെമിനാരി മറ്റു സെമിനാരികളിൽ നിന്ന് എപ്രകാരമാണ് വേറിട്ടു നിൽക്കുന്നത്?***

പുതിയ ട്രെൻഡുകൾ അവതരിപ്പിക്കുന്നതിൽ ഞങ്ങൾ എപ്പോഴും മുൻപന്തിയിലാണ്. ദളിത് തിയോളജി അതിനുദാഹരണം. പുതിയ ശക്തീകരണങ്ങൾ ദൈവശാസ്ത്രരംഗത്തു കൊണ്ടുവരാൻ ഞങ്ങൾ ശ്രമിക്കുന്നു.

• ***ലൂഥറൻ സഭയ്ക്കുവേണ്ടി വൈദികരെ പരിശീലിപ്പിക്കുന്ന ഒരു സെമിനാരിയാണിതെന്നു പറയാമോ?***

ഒരു എക്യുമെനിക്കൽ ദർശനത്തോടെയാണ് ഗുരുകുൽ പ്രവർത്തിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് സി.എസ്.ഐ.ക്കാരനായ എന്നെ ഇവിടെ നിയമിച്ചിരിക്കുന്നത്. ലൂഥറൻ സഭാംഗമല്ലാത്ത ഒരാൾ ഈ സെമിനാരിയുടെ പ്രിൻസിപ്പൽ ആകുന്നത് ഇതാദ്യമാണ്.

• ***ഈ സ്ഥാപനത്തിന് സാമ്പത്തിക സഹായം എവിടെ നിന്നാണു ലഭിക്കുക?***

പ്രധാനമായി, ലൂഥറൻ വേൾഡ് ഫെഡറേഷനിൽ നിന്ന്. മറ്റു ചില സംഘടനകളും സഹായിക്കുന്നുണ്ട്. പക്ഷേ, എന്നും പടിഞ്ഞാറോട്ടു പണത്തിനുവേണ്ടി നോക്കിയിരിക്കുന്നത് ശരിയല്ലെന്ന കാഴ്ചപ്പാടോടെ പല സ്വാശ്രയ പരിപാടികളും ഞങ്ങൾ നടത്തിവരുന്നു.

• ***ഈ സെമിനാരിയിൽ നിന്നിറങ്ങുന്ന വിദ്യാർത്ഥികൾ ഏതു രീതിയിലുള്ള ശക്തീകരണവുമായി പുറത്തു വരണമെന്നാണ് നിങ്ങളാഗ്രഹിക്കുന്നത്?***

സാമൂഹ്യപ്രതിബദ്ധതയുള്ള ദൈവശാസ്ത്ര കാഴ്ചപ്പാടോടെ. സുവിശേഷത്തോടു നൂറു ശതമാനം നീതി പുലർത്തണമെങ്കിൽ സാമൂഹിക പ്രതിബദ്ധതയുണ്ടായിരിക്കണം.

• ***ഏതെല്ലാം സഭകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കാണ് ഇവിടെ അഡ്മിഷൻ നൽകുക?***

എല്ലാ സഭകളിൽ നിന്നും, മാർത്തോമാ തിരുമേനിമാരുടെ സ്പോൺസർഷിപ്പോടെയും, വിദ്യാർത്ഥികൾ വരുന്നുണ്ട്. സി. എസ്. ഐ. സഭയിലെ എല്ലാ മഹായിടവകകളും വിദ്യാർത്ഥികളെ അയയ്ക്കുന്നുണ്ട്.

• ***സെമിനാരിയിൽ ആകെ എത്ര വിദ്യാർത്ഥികളുണ്ട്?***

നൂറ്റിയമ്പത്. താമസസൗകര്യത്തിനു പരിമിതികളുള്ളതിനാൽ കൂടുതൽ പേരെ എടുക്കാനാവില്ല.

• ***അച്ചൻ ഇവിടെ അദ്ധ്യാപകനായി ചേർന്നതെന്നാണ്?***

1990 ഒക്ടോബറിൽ.

• ***ഡോക്ടറൽ ബിരുദം എവിടെ നിന്നാണു കിട്ടിയത്?***

ലണ്ടനിലെ കിങ്സ് കോളജിൽ നിന്ന്. പഴയനിയമത്തിലാണ് ഞാൻ ഗവേഷണപഠനം നടത്തിയത്. പുറപ്പാടു പുസ്തകം 1-15 വരെയുള്ള ഭാഗങ്ങളിലാണ് ഗവേഷണം കേന്ദ്രീകരിച്ചിരുന്നത്.

• ***എന്തിനായിരുന്നു ശക്തീകരണം കൊടുത്തത്?***

വിമോചന ദൈവശാസ്ത്രജ്ഞന്മാർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഭാഗമാണിത്. പ്രധാന ശക്തീകരണം വിമോചനമാണെന്നതിൽ തർക്കമില്ല. പക്ഷേ ഇതോടൊപ്പം ഇവർ വിട്ടു പോകുന്ന ചില കാര്യങ്ങളുണ്ട്. Incomparability of Yahweh, motif of cult, issue of leadership എന്നിവയ്ക്ക് ഇന്ന് കൂടുതൽ പ്രസക്തിയുണ്ട്. പ്രത്യേകിച്ച്, കരിസ്മാറ്റിക് ആരാധനയും പാരമ്പര്യ ആരാധനയും തമ്മിൽ ടെൻഷൻ നിലനിൽക്കുന്നതിനാൽ മതപരമായും ഇതിനു പ്രസക്തിയുണ്ട്.

• ***ലിബറേഷൻ തിയോളജിയന്മാരുടെ ശക്തീകരണം തെറ്റായിരുന്നുവെന്നാണോ അഭിപ്രായം?***

അല്ല. അത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ലാറ്റിനമേരിക്കൻ പശ്ചാത്തലത്തിൽ വേദപുസ്തകം പഠിച്ചപ്പോൾ അവർക്കു ലഭിച്ച ദർശനമതാണ്. അവരെ ഞാൻ കുറ്റപ്പെടുത്തുന്നില്ല.

• ***ഇന്ത്യയിൽ ലിബറേഷൻ തിയോളജിയെ വിമർശിക്കുന്നവരുണ്ടല്ലോ. അതിനോടുള്ള പ്രതികരണം?***

ലിബറേഷൻ കാഴ്ചപ്പാടിൽ വിട്ടുപോയ ചില കാര്യങ്ങൾ കൂടി ഉൾക്കൊണ്ടുവേണം ആ വേദഭാഗം വിശകലനം ചെയ്യുവാൻ എന്നാണെന്റെ അഭിപ്രായം.

• ***അച്ചന്റെ ഗവേഷണത്തിനു മേൽനോട്ടം വഹിച്ചയാൾ പ്രത്യേക ശക്തീകരണങ്ങളുള്ള വ്യക്തിയായിരുന്നോ?***

വേദപുസ്തകത്തിലെ ഒരു ഭാഗം എടുക്കുകയാണെങ്കിൽ, ചരിത്രപരമായ ചില ചോദ്യങ്ങളായിരുന്നു ഇതുവരെ ചോദിച്ചുവന്നത്. ഈ വേദഭാഗം ആരെഴുതി, എന്നെഴുതി, എന്തിനെഴുതി, ഏതു സാഹചര്യത്തിലെഴുതി എന്നിങ്ങനെ. അവ അപ്രധാനമാണെന്നല്ല. വേദഭാഗം ഒരു മതരേഖയാണ്. അത് വിശ്വാസത്തിന്റെ ഒരു പ്രഖ്യാപനവുമാണ്. ദൈവവുമായിട്ടുള്ള എന്റെയനുഭവം പ്രകടിപ്പിക്കുന്ന ഒരു ഭാഗം. ഈയൊരനുഭവം ഓരോരുത്തരിലും ഓരോ രീതിയിലായിരിക്കും. ഇസ്രയേൽ ജനതയ്ക്കുണ്ടായ അനുഭവമായിരിക്കില്ല നമുക്കുണ്ടാകുന്നത്. ഇവിടെ ദൈവശാസ്ത്രപരമായ ചോദ്യങ്ങളാണു ചോദിക്കേണ്ടത്. ആ വേദഭാഗം എന്റെ സാഹചര്യത്തിൽ എന്നെ എങ്ങനെ ബാധിക്കുന്നുവെന്നതാണ് വേദഭാഗ വ്യാഖ്യാനത്തിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. ഇതായിരുന്നു എന്റെ ഗൈഡിന്റെ കാഴ്ചപ്പാട്.

• ***ലിബറേഷൻ തിയോളജിക്ക് ഇന്ത്യയിൽ പ്രസക്തിയുണ്ടെന്നു കരുതുന്നുണ്ടോ?***

സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ലാറ്റിനമേരിക്കയിൽ വർഗവിഭജനമുണ്ടായിരുന്നു. ഇന്ത്യയിലെ പ്രധാന പ്രശ്നം ജാതിയാണ്.

• ***ദൈവശാസ്ത്രമേഖലയിൽ അച്ചൻ നൽകുന്ന ശക്തീകരണം എന്താണ്?***

സാഹചര്യങ്ങളുടെ വെളിച്ചത്തിൽ വേദപുസ്തകം എങ്ങനെയാണു വായിക്കേണ്ടതെന്നതിനാണ്. Indian Biblical Commentaries എന്നൊരു പ്രോജക്ട് ഇപ്പോൾ ആരംഭിക്കുന്നത് ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിലാണ്. ◆◆

## മാറുന്ന ലോകവും... (പേജ് 7 തുടർച്ച)

എന്നിവയോടനുബന്ധിച്ചുള്ള കർമങ്ങളെല്ലാം മതപരമായ ചടങ്ങുകളാണ്. മതത്തിലെ ചടങ്ങുകളും വിശ്വാസങ്ങളും കാത്തുസൂക്ഷിക്കാൻ പ്രാർത്ഥനാലയങ്ങളും മതാചാര്യന്മാരുമുണ്ടായി. വിശ്വാസങ്ങളും ചടങ്ങുകളും പരസ്പര വിരുദ്ധമാകാതിരിക്കാൻ ദൈവശാസ്ത്രം (തിയോളജി) എന്ന ഒരു വിഭാഗം തന്നെ ഉടലെടുത്തു.

*ഏതെങ്കിലും തരത്തിലുള്ള വിശ്വാസമില്ലാതെ ഒരു ശാസ്ത്രജ്ഞനും ജീവിക്കാൻ പറ്റില്ല. എല്ലാത്തിനും തെളിവു കിട്ടിയെന്നു വരില്ല. അച്ഛനെയും അമ്മയെയും തിരിച്ചറിയുന്നത് വിശ്വാസം കൊണ്ടല്ലേ?* അങ്ങനെ എത്രയെത്ര കാര്യങ്ങൾ നമ്മൾ വിശ്വസിക്കുന്നു. മരണം എല്ലാത്തിന്റെയും അവസാനമാണെന്നു പറയുന്നവർ വളരെ ചുരുക്കം. ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളിൽ ചിലതെല്ലാം കാലക്രമത്തിൽ തിരുത്തേണ്ടിവരും. ഭൂമി പരന്നതാണെന്ന് ഒരു കാലത്ത് വിശ്വസിച്ചിരുന്നു. എന്നാൽ ഭൂമി സൂര്യനു ചുറ്റും തിരിയുന്ന ഒരു ഗോളമാണെന്നു കണ്ടുപിടിച്ചപ്പോൾ നമ്മുടെ കാഴ്ചയ്ക്കു വിരുദ്ധമായവ നാം വിശ്വസിച്ചുതുടങ്ങി. കാലക്രമേണ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾക്കും മതവിശ്വാസങ്ങൾക്കും ചില വ്യത്യാസങ്ങൾ വന്നുചേരും. ശാസ്ത്രവും മതവും ഉൾക്കൊണ്ടുകൊണ്ടുള്ള ജീവിതമാണു ധന്യം. ◆◆


# നവജീവോദയം സെന്റർ ബൈബിൾ കോളജ്, തിരുവല്ല

**ഫോൺ : 0469-2700672, 2636041**

2004 ജനുവരിയിൽ ആരംഭിക്കുന്ന C.Th., Dip.Th., B.Th. കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. SSLC, PDC, Plus Two, Degree പാസ്സായ ക്രിസ്തീയ യുവതീയുവാക്കൾക്ക് സഭാവ്യത്യാസമെന്യേ അപേക്ഷിക്കാവുന്നതാണ്.

★ പഠനശേഷം ഇൻഡ്യയിലെ വിവിധ ക്രിസ്തീയ സംഘടനകളിൽ പ്രവർത്തിക്കുവാനുള്ള അവസരം.
★ ക്രിസ്തീയ പ്രവർത്തനങ്ങൾക്കു പ്രയോജനപ്പെടുന്ന രീതിയിലുള്ള വിദഗ്ധമായ കംപ്യൂട്ടർ പരിശീലനം.
★ കുടുംബമായി ഒരുമിച്ചു താമസിച്ച് ദൈവവചനം പഠിക്കുവാനുള്ള ക്രമീകരണം.
★ വിവിധരംഗങ്ങളിൽ പ്രവർത്തിച്ചശേഷം ക്രിസ്തീയ പ്രവർത്തനത്തിനു തീരുമാനമെടുത്ത് കടന്നുവരുന്ന വ്യക്തികൾക്ക് പ്രായപരിധിയിൽ ഇളവുകൾ.

അപേക്ഷാഫോമിനും സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾക്കും താഴെക്കാണുന്ന വിലാസത്തിൽ എഴുതുക:-

**DEAN OF ADMISSIONS**
**BIBLE COLLEGE, NAVAJEEVODAYAM CENTRE**
**P. O. BOX NO. 16, THIRUVALLA-689101**

# 'STAINES' MURDER : WHO IS GUILTY ?

SWAMI AGNIVESH & VALSON THAMPU

The keenly-awaited verdict is pronounced at last. The trial judge has found Dara Singh and his twelve associates guilty of the murder of Graham Staines and his two sons. He has, thus, validated the findings of the Wadhwa Commission that inquired into this event. The extent of punishment the culprits are to receive is not known yet. But that hardly concerns us here.

Justice requires that the instigators of a crime too be held guilty along with its perpetrators. For all practical purposes, Dara Singh was the hired assassin of a certain ideology. Sure enough, he was not engaged specifically to finish off Staines, like professional hit-men are. But it was on account of his ideological fanaticism that Dara, who did not have any personal grudge against Staines or his sons, felt obliged to eliminate this friend of the lepers of Baripada. Consider this. Dara, a native of U.P., was sent to Orissa on a specific mission: to spread the Sangh Parivar ideology in the tribal belt of Orissa. At the time of committing this murder, Dara had already become a dreaded leader, as the Wadhwa Commission Report points out, of Bajrang Dal with at least eleven major criminal cases pending against him. This explains two things, which are otherwise inexplicable. First, Dara enjoyed immunity to law for the crimes he committed, one after the other. Second, he came to the conclusion that Graham Staines was "a threat to Hinduism and Indian culture". Justice Wadhwa, who was a sitting judge of the Supreme Court when he enquired into this murder, states explicitly in his Report that it was this resentment that motivated Dara to kill Graham. The lepers of Baripada would still have had their friend, if these two factors had not reinforced each other.

That being the case, we stop short of the whole truth if we slap the responsibility for this 'murder most foul' wholly on Dara and his associates. Dara is incomplete and harmless without the Hindutva ideology, of which he is only an ardent camp follower. In the wake of the murder, several meetings were organized, including one in the Constitution Club, Delhi, to express solidarity with Dara by those who felt obliged to him. **Staines was nobody to Dara, personally or professionally. The murder was the product of mere prejudice; and that prejudice was bred by Hindutva alone.** The murder of Graham Staines is, hence, utterly inexplicable if we exclude the ideological motive behind it. Of course, you cannot hang an ideology, unlike an assassin, for an act of crime. But a sane society with any commitment to justice has to rein in ideologies that preach hate and instigate the murder of innocent and defenseless people. Even more importantly, every religious-minded person has to see crime done in the name of his religion as a crime against his religion.

Apart from seeing the murder of Staines in a wider perspective, we must also reckon some key issues that emerge from this act of perfidy that has defamed us globally. There is, in the first place, the **orchestrated defiance of the rule of law.** For years together, Dara had lived in this tribal belt in total defiance of law, intimidating, humiliating and hurting those he disliked at will. He was a law unto himself. Though he was wanted by the police in several cases, he could roam around freely and pursue his agenda without let or hindrance. According to a version of the event we gathered from Manoharpur, it was at a camp for school children that Dara Singh organized in Takurmunda, some 17 Km. from Manoharpur, that the plot to kill Staines was hatched. Communal atrocities cannot happen in a society that respects rule of law. The murder of the rule of law was re-enacted yet again in Modi's Gujarat for over three months in 2002. Its hangover continues to this day and justice is beyond the reach of the victims. The situation has proved serious enough to exhaust the patience of the Supreme Court. In extreme exasperation, the Chief Justice of India instructed Modi to deliver justice or to quit. Hindutva imperils the sanity of our society by glorifying the subversion of the rule of law. The demolition of Babri Masjid was a slap on the face of the rule of law; yet our Prime Minister felt it appropriate to romanticize it, on the floor of the Parliament, as an outbreak of nationalistic fervour!

The second issue that emerges from this bleak scenario is that of **the threat that communalism holds out to religious freedom.** Majoritarian communalism has the potential to rob minorities of their religious freedom. The ideologues of Hindutva derive much mileage and legitimacy from the Supreme Court verdict of 1976 (Stanislav vs. State of Madhya Pradesh) that excluded conversion from the ambit of religious freedom as envisaged in Article 25. Graham Staines, as per Dara's (mis) information, was converting people, thereby posing a threat to Hinduism. The Wadhwa Commission Report exonerates Staines of this baseless allegation. And we who have visited Staines' leprosarium in Baripada since his death, and interacted with its 86 inmates can vouchsafe this to be true. Not one of them has become Christian to this day, even though they all regarded Staines as their "father". **The irony of this scenario is that Dara Singh can be free to enjoy his version of religious freedom; whereas Graham Stainess has to forego the freedom to practise his religion, which madates him to care for the lost and the least. This is the curse of communalism:** it degrades religious freedom into the licence to do wrong but denies the freedom to practise social justice and philanthropy. Dara Singh did not create this problem. His ideology created the problem which, in turn, has created a

Dara Singh.

In a real and subtle sense, therefore, Dara Singh too is a victim. This is the truth that underlies Gladys Staines' readiness to forgive the assassins of her husband and dear children. At a news conference in Delhi, where journalists vied with each other to interact with the living saint, she referred to Jesus' words from the Cross: "Father, forgive; for they know not what they do." That is literally true of Dara Singh. Surely, he did not know that he was killing a dedicated social worker who was selflessly taking care of his Hindu brothers afflicted with leprosy. He did not know that he was robbing a saintly lady of her husband and sons. And, above all, he did not know that he was killing his own brother. Is not the whole of humankind, according to Hinduism for which Dara killed Staines, one vast family (vasudhaiva kutumbakam)? In that case, are not Dara and Staines brothers? Is that not the reason why Gladys wants him forgiven? But who is responsible for Dara's murderous ignorance? Who has filled his heart with hate and his eyes with darkness? **To pronounce Dara Singh guilty is, therefore, to also indict the ideological ventriloquists who used him in this despicable fashion.** ◆◆

# കവിയുടെ ക്രാന്തദർശിത

ഡോ. ഡി. ബഞ്ചമിൻ

മലയാളത്തിലെ ഒരു രസികൻ പ്രയോഗമാണ് 'കൂട്ടായ്മ'. ഈ വാക്കിന്റെ ശരിയായ അർത്ഥം പരസ്പരം കൂട്ടായിരിക്കുക എന്നാണ്. പണ്ഡിതവരേണ്യനായ പ്രൊഫ. എസ്. ഗുപ്തൻ നായർ ഈ പ്രയോഗത്തിന്റെ പരിഹാസ്യതയെക്കുറിച്ച് അടുത്തകാലത്ത് പരാമർശിക്കുകയുണ്ടായി. മലയാളത്തിൽ പാണ്ഡിത്യമില്ലാത്ത ഏതോ മിഷനറി ഇംഗ്ലീഷിലെ fellowship-നു പകരമായി പ്രയോഗിച്ചതാവണം ഈ പദം. എന്നാലിന്ന് 'ഫെലോഷിപ്പ്' എന്ന അർത്ഥത്തിൽ ഈ വാക്കിന് സാർവത്രിക പ്രചാരം കിട്ടിയിരിക്കുന്നു. സാഹിത്യസമ്മേളനങ്ങളും രാഷ്ട്രീയ സമ്മേളനങ്ങളുമൊക്കെ ഇന്ന് കൂട്ടായ്മകളാണ്. പ്രയോഗം കൊണ്ട് ഈ വാക്കിന് സാധുത്വം ലഭിച്ചിരിക്കുന്നുവെന്നു സാരം.

ഈ വാക്കിന്റെ അർത്ഥവൈരുദ്ധ്യം ആദ്യം ചർച്ച ചെയ്യപ്പെട്ടത് ബൈബിളിന്റെ പുതിയൊരു വിവർത്തനമാരംഭിച്ചപ്പോഴാണ് എന്നാണെന്റെ ഓർമ. 1911-നു മുമ്പുള്ള മലയാളമാണ് നാമിന്നുപയോഗിക്കുന്ന ബൈബിളിലുള്ളത്. മലയാളഗദ്യം വികസിച്ചത് അതിനുശേഷമാണ്. അതുകൊണ്ട് ബൈബിളിന്റെ പുതിയ വിവർത്തനം, ആധുനിക മലയാളത്തിലാവണമെന്നു തീരുമാനിച്ചു. അപ്പോഴാണ് ഫെലോഷിപ്പിനു പറ്റിയ മലയാളവാക്ക് അന്വേഷിക്കേണ്ടി വന്നത്. ഇക്കാര്യത്തിൽ ഉപദേശമാരാഞ്ഞത് ബഹുഭാഷാപണ്ഡിതനും കവിയുമായ എൻ. വി. കൃഷ്ണവാര്യരോടായിരുന്നു. കുറേ ആലോചിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു. "*ക്രിസ്ത്യാനികളുടെ ഫെലോഷിപ്പിനു പകരം 'കൂട്ടായ്മ' തന്നെ മതി. മറ്റൊന്നു കണ്ടുപിടിക്കുക വിഷമം!*" നിരന്തരമായി ഉപയോഗിച്ച് പ്രയോഗസാധുത്വം വന്ന പദം മാറ്റേണ്ടതില്ലെന്നേ അദ്ദേഹം വിവക്ഷിച്ചിട്ടുണ്ടാവൂ. പക്ഷേ, ആ പറഞ്ഞത് സാർത്ഥകമാണെന്ന് നാം തെളിയിച്ചു കൊണ്ടേയിരിക്കുന്നു. **ഇടവക മുതൽ, മഹായിടവകവരെ, നാം കൂട്ടായ്മ ആചരിക്കുന്നവരാണ്. പരസ്പരം സഹിച്ചു കൊടുക്കാൻ തന്നെ എന്തു വിഷമമാണ്. എന്നിട്ടും 'കൂട്ടായ്മ'കൾ ആചരിക്കാൻ നമുക്കൊരു വിഷമവുമില്ല.** നമ്മുടെ കൂട്ടായ്മകളുടെ ഘടന കൗതുകകരമായ ഒന്നാണ്. വികാരഭരിതമായ ഒരാമുഖ പ്രാർത്ഥന, ധൃതിപിടിച്ചുള്ള ഒരാശീർവാദം. ഈ രണ്ടിനുമിടയ്ക്ക് എന്തും സംഭവിക്കാം. വാക്കുകൾ കൊണ്ട് പരസ്പരമെറ്റാം; അത്യാവശ്യം കായികമായും കൈകാര്യം ചെയ്യാം. അന്യന്റെ സ്വഭാവഹത്യ നടത്താൻ ചേരുന്ന ഗ്രൂപ്പുയോഗങ്ങളിൽപ്പോലും പ്രാർത്ഥനയും ആശീർവാദവും നാം ഒഴിവാക്കാറില്ല! കൂട്ടായ്മ ആചരിച്ചുകൊണ്ടുതന്നെ വിഭാഗീയത ഊട്ടിവളർത്താൻ കാരണങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു!

*കവികൾ ക്രാന്തദർശികളാണെന്നു പറയുന്നതെത്ര ശരി! ക്രിസ്ത്യാനികളുടെ ഫെലോഷിപ്പിന് 'കൂട്ടായ്മ' തന്നെ മതി!* ◆◆


# ORTHODOX CHRISTIANITY IN INDIA

## A HISTORY OF THE MALANKARA ORTHODOX CHURCH, AD 52 - 2002

*by* **Dr. C. V. Cheriyan**

*formerly Director and Professor, School of International Relations, and*

*Dean, Faculty of Social Sciences, Mahatma Gandhi University, Kottayam*

Hard-bound, Pp. 544 (XXXII + 512), Dy. 1/8. Price in India : Rs. 300/. Price outside India: US $ 30/-

Date of publication : 1 September 2003

**CONCESSIONARY PRICE SCHEME**

**Concessionary Price:** In India, Rs. 200/- The books will be supplied at the concessionary price for all orders received on or before 30 October 2003 at our expense by postal/courier/parcel service, or through messenger at some common place like church premises to be specified.

All orders should be accompanied by the price of the books ordered by Money Orders/Demand Drafts drawn in favour of Academic Publishers, Kottayam. All orders should be addressed to:

Kottayam,
21 Sep. 2003.

**ACADEMIC PUBLISHERS**
IX-193, College Road, Kottayam - 686 001, Kerala State.
Telephone : 0481 - 2566507

# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## ബഷീറിന്റെ യക്ഷികഥ

എന്നെ സ്വാധീനിച്ചിട്ടുള്ള അദ്ധ്യാപകരിൽ ഒരാളാണ് പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ള. പരുക്കൻ പ്രകൃതക്കാരനും നിരീശ്വരവാദിയുമായ അദ്ദേഹത്തിന്റെ ക്ലാസ്സുകൾ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നെങ്കിലും അടുത്തിടപെടാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. ക്ലാസ്സു കഴിഞ്ഞ് കുട്ടികളോടു ലോഹ്യം കാണിക്കുവാനോ കുശലപ്രശ്നം നടത്തുവാനോ അദ്ദേഹം താത്പര്യപ്പെട്ടിരുന്നില്ല.

വിദ്യാർത്ഥിയായിരുന്നപ്പോൾ ഞാനും കൃഷ്ണപിള്ളസാറും തമ്മിലുള്ള ബന്ധം നാമമാത്രമായിരുന്നു. ഒരു പുസ്തകത്തിന് അവതാരിക എഴുതുവാൻ വേണ്ടി വീട്ടിൽ ചെന്ന് അദ്ദേഹത്തെ കണ്ടപ്പോഴാണ് നേരിട്ടാദ്യമായി സംഭാഷണം നടത്തുന്നത്. ഇന്റർമീഡിയറ്റ് വിദ്യാർത്ഥികളായ അഞ്ചു പേർ 'വഴിത്തിരിവുകൾ' എന്ന പേരിൽ ഒരു കഥാസമാഹാരം ചമയ്ക്കുകയുണ്ടായി. എന്നെക്കൂടാതെ ആഴകം ജേക്കബ്, മാമ്മൻ കിഴക്കേക്കര, ജോർജ് സ്റ്റീഫാനോസ്, ചാണ്ടപ്പിള്ള കുര്യാക്കോസ് എന്നിവരായിരുന്നു മറ്റെഴുത്തുകാർ. ഒരു സാഹസമെന്നതിൽക്കവിഞ്ഞ് ഒന്നും തന്നെ ഈ സംരംഭത്തിലുണ്ടായിരുന്നില്ല. എങ്കിലും പ്രശസ്തനായ ഒരു എഴുത്തുകാരന്റെ അവതാരിക അതിനൊരു മുതൽക്കൂട്ടായിരിക്കുമെന്നു ഞങ്ങൾ കരുതി. കുറ്റിപ്പുഴ സാറിനെ സമീപിച്ചാൽ ഇതെല്ലാം പിള്ളേരുകളിയായതിനാൽ പറ്റില്ലെന്നു പറയുമെന്നാണ് കൂട്ടുകാർ ഞങ്ങളെ ധരിപ്പിച്ചത്. പക്ഷേ അനുഭവം മറിച്ചായിരുന്നു. ഒട്ടും വൈകാതെ, അച്ചടിച്ച പുസ്തകത്തിന്റെ ഒരു കോപ്പിയുമായി ഞാൻ സാറിന്റെ വീട്ടിലെത്തി. അപ്പോൾ മുറ്റത്തെ മരച്ചുവട്ടിൽ ചൂരൽ കസേരയിലിരുന്ന് രണ്ടുപേർ നർമസംഭാഷണം നടത്തുകയാണ്. ഇരുവരും നല്ല മൂഡിലാണെന്ന് ഇടയ്ക്കിടെ കേട്ട പൊട്ടിച്ചിരി വ്യക്തമാക്കി. അവരിലൊരാൾ പൊൻകുന്നം വർക്കിയാണെന്ന് അടുത്തെത്തിയപ്പോൾ മനസ്സിലായി. രണ്ടാഴ്ച മുമ്പ് അവിചാരിതമായി ഞാൻ അദ്ദേഹത്തെ കണ്ടിരുന്നു. എന്റെ അമ്മാവൻ ഡോ. പി. എം. തോമസിന്റെ ആശുപത്രിയിലാണ് വല്ലപ്പോഴും ചികിത്സയ്ക്കായി വർക്കി സാർ വന്നുകൊണ്ടിരുന്നത്. അവിടെ വച്ച് അങ്കിൾ എന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തുകയും ചെയ്തു.

"താനെങ്ങനെ ഇവിടെയെത്തി?" വർക്കി സാർ ചോദിച്ചു.

"കൃഷ്ണപിള്ള സാറിനെ കാണാൻ വന്നതാണ്."

വർക്കിസാർ സുഹൃത്തിനോടു പറഞ്ഞു, "എഴുത്തുകാരനാകാനാഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരനാണിത്. എന്നെ ചികിത്സിക്കുന്ന ഡോക്ടറുടെ അനന്തരവൻ." എന്നിട്ട് എന്റെ നേരെ തിരിഞ്ഞു, "ഈ ആളിനെ അറിയുമോ?" അപ്പോൾ വർക്കിയുടെ സുഹൃത്തായ ആ കഷണ്ടിത്തലയൻ സ്വയം പരിചയപ്പെടുത്തി: "ആനമക്കാറുടെ പുന്നാരമോടെ പുന്നാരമോൻ."

പൊൻകുന്നം വർക്കി പറഞ്ഞു : "-മോൻ എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി." സംഗതി എനിക്കു പിടികിട്ടി. ആനുകാലികപ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള കഷണ്ടിത്തല. ഒരു കണ്ടുപിടുത്തം നടത്തിയിട്ടെന്നപോലെ ഞാൻ പറഞ്ഞു, "എട്ടുകാലി മമ്മൂഞ്ഞിന്റെ വാപ്പാന്റെ വാപ്പാൻ സാക്ഷാൽ വൈക്കം മുഹമ്മദ് ബഷീറല്ലേ?"

'കൊള്ളാമല്ലോ പഹയാ. എവിടെയാണു താമസം?'

"ആലുവ യു. സി. കോളജ് ഹോസ്റ്റലിൽ."

'പുഴയിലാണോ കുളിക്കുന്നത്?'

"ചിലപ്പോഴൊക്കെ."

'എന്നാൽ സൂക്ഷിക്കണം. ആ ഭാഗത്തുള്ള കുളിക്കടവിൽ ഒരു യക്ഷി അലയാറുണ്ട്. ഞാൻ രണ്ടു തവണ അവളെ കണ്ടിട്ടുണ്ട്.' വർക്കി സാർ പറഞ്ഞു, "തന്റെ ശരീരനാറ്റം കാരണം രണ്ടു തവണയും അവൾ സ്ഥലംവിട്ടു കാണും."

അപ്പോഴേക്കും കുളി കഴിഞ്ഞ് കുറ്റിപ്പുഴ സാർ പുറത്തുവന്നു. പുസ്തകത്തിന്റെ ഒരു കോപ്പി കൊടുത്തപ്പോൾ രണ്ടു ദിവസങ്ങൾക്കകം അവതാരിക തയാറാക്കാമെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം വീണ്ടും മുറിയിലേക്കു കയറി. സാഹിത്യകാരന്മാരോടു യാത്ര പറഞ്ഞശേഷം ഞാൻ ഹോസ്റ്റലിലേക്കു മടങ്ങുകയും ചെയ്തു.

ബഷീർ അന്നു പറഞ്ഞ കാര്യം എന്റെ മനസ്സിൽ തങ്ങിനിന്നു. ബഷീറിന്റെ യക്ഷികഥയിൽ വല്ല പരമാർത്ഥവുമുണ്ടോ? ഇല്ലെന്നായിരുന്നു ഞാൻ വിധിയെഴുതിയത്. എന്നാൽ അനുഭവം മറിച്ചായിരുന്നു. ചാറ്റൽമഴയുള്ള ഒരു ദിവസം. നേരം ഏതാണ്ട് ഉച്ചകഴിഞ്ഞ് അഞ്ചരമണി. മഴ നിന്നപ്പോൾ കടവിൽ കുളിക്കുവാനായി കൂട്ടുകാരെ വിളിച്ചു. ആരും വരുന്നില്ല. അതുകൊണ്ട് തനിച്ച് പുഴയിലെ കുളിക്കടവിലേക്കു നടന്നു. അവിടെ എത്തിയപ്പോൾ കടവു വിജനം. സാധാരണ അങ്ങനെ സംഭവിക്കാറില്ല. ഏതായാലും തോർത്തും അരയിൽ ചുറ്റി ഞാൻ വെള്ളത്തിലിറങ്ങി. സോപ്പു തേച്ചുകൊണ്ടിരുന്നപ്പോൾ കടവിന് അല്പം മുകളിലായി വെള്ളത്തോടു ചേർന്നുവളർന്ന നീണ്ട പുല്ലിനും മരച്ചില്ലകൾക്കുമിടയിൽ ഒരു സ്ത്രീരൂപം. അർദ്ധനഗ്നയായ അവൾ പുഞ്ചിരിക്കുകയാണ്. അവൾ കൈനീട്ടി എന്നെ വിളിപ്പോൾ ഒരു പ്രതിമ കണക്കെ ഞാൻ നിശ്ചലനായി. ഒരു പക്ഷേ ഈ പേടിത്തൊണ്ടനെ അവൾ പരിഹസിക്കുന്നുണ്ടാവാം. പിന്നീടുണ്ടായത് മനസ്സിലൊരു ഇടിമുഴക്കമായിരുന്നു. ഒരു കണക്കിനു കരയിലെത്തി വായുവേഗത്തിൽ ഞാൻ ഹോസ്റ്റലിലേക്കു പാഞ്ഞു. വിളറി വിയർത്ത് മുറിയിൽ കയറിയ എന്നെ ചാണ്ടിപ്പിള്ള മാത്രമേ കണ്ടുള്ളൂ. 'എന്തു പറ്റി വർഗീസേ' എന്നു ചോദിച്ചുകൊണ്ട് അവൻ ഓടിയെത്തി. ഉണ്ടായ കാര്യങ്ങളൊക്കെ ഞാൻ അവനോടു പറഞ്ഞു. മുറിയിൽ കയറി പാമ്പാടി ദയറയിൽ നിന്നു കിട്ടിയ ഒരു കുരിശുമാലയുമായി അവൻ പുറത്തുവന്നു. എന്നിട്ട് എന്നെ വലിച്ചിഴച്ചുകൊണ്ട് കുളിക്കടവിലേക്കു നീങ്ങി. അപ്പോഴും അവിടെ ആരുമുണ്ടായിരുന്നില്ല.

"എവിടെടാ നീ കണ്ട യക്ഷി?"

ഞാൻ ആ ഭാഗത്തേക്കു വിരൽ ചൂണ്ടി. ആരെയും കാണാനില്ല. അപ്പോഴതാ മരച്ചില്ലകളുടെയിടയിൽ ഒരു ആൾരൂപം. അർദ്ധനഗ്നയായ ഒരു യുവതി. ചാണ്ടപ്പിള്ള ഒന്നു പതറി. മാല കഴുത്തിൽ നിന്ന് ഊരി കുരിശും നീട്ടിപ്പിടിച്ച് സുറിയാനിയിൽ എന്തോ മന്ത്രിച്ചുകൊണ്ട് അവൻ വെള്ളത്തിലൂടെ ആ ഭാഗത്തേക്കു നടന്നടുത്തു. "വർഗീസേ ഓടി വാ, ഞാൻ ഒരു കാര്യം കാണിച്ചുതരാം." അടുത്തു ചെന്നപ്പോൾ പാളയിൽ കുമ്മായവും കരിയും ചേർത്തു വരച്ച വശ്യസുന്ദരമായ ഒരു സ്ത്രീരൂപം കമ്പിൽ ഘടിപ്പിച്ച് നിലത്തു കുത്തിയിറക്കി വച്ചിരിക്കുന്നു. കാറ്റടിച്ച് മരച്ചില്ലകളും പുല്ലും ഒരു ഭാഗത്തേക്കു മാറുമ്പോൾ രൂപം ദൃശ്യമാകയും കാറ്റു നിലയ്ക്കുമ്പോൾ രൂപം അപ്രത്യക്ഷമാകയും ചെയ്യും. എന്തൊരു മറിമായം. ഏതായാലും അതു വരച്ചുണ്ടാക്കിയ കലാകാരൻ അസാധാരണ പ്രതിഭ തന്നെ. ചാണ്ടപ്പിള്ള കമ്പു വലിച്ചൂരി ആ കലാസൃഷ്ടി പുഴയിലേക്കെറിഞ്ഞു. ഒരു പക്ഷേ പുഴയിൽ ഒഴുകി നടന്ന ആ യക്ഷിയെ പലരും കണ്ടിട്ടുണ്ടാവാം!

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## പുതിയ വിദ്യാഭ്യാസം; പുതിയൊരു രാഷ്ട്രീയം

രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടനകളെ നിരോധിക്കുന്നതിനു കോളജധികൃതർക്കു അധികാരം നൽകുന്ന കോടതിവിധി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം നിർണായകപ്രാധാന്യമുള്ളതാണ്. 'എഴുത്തുപള്ളി'കളിലും 'കളരി'കളിലും കുടുങ്ങിക്കിടന്ന ഇവിടത്തെ വിദ്യാഭ്യാസത്തെ ആധുനിക കാലഘട്ടത്തിനു യോജിച്ച തരത്തിൽ രൂപപ്പെടുത്തിയതു ക്രൈസ്തവരാണ്. ആ പാരമ്പര്യത്തെ അർഹിക്കുന്ന തരത്തിൽ ഉൾക്കൊണ്ട് കോടതിയുടെ ഈ വിധിയിലേക്കും അത് അനിവാര്യമാക്കിയ സ്ഥിതിവിശേഷണത്തിലേക്കും ആനുകാലിക ക്രൈസ്തവപ്രസിദ്ധീകരണങ്ങൾ വെളിച്ചം വീശുന്നു. കോടതിവിധി വിദ്യാഭ്യാസപുരോഗതിയിൽ താൽപ്പര്യമുള്ള ആർക്കും ആശ്വാസകരമാണെന്ന മാർത്തോമാ യുവദീപത്തിന്റെയും, കലാലയ രാഷ്ട്രീയം കലാലയങ്ങളെ കലാപശാലകളും കശാപ്പുശാലകളുമാക്കിയെന്ന കാരിസ് ജ്യോതിയുടെയും, ജനാധിപത്യത്തിന്റെ മറപിടിച്ച് മനുഷ്യത്വരഹിതമായ ഏതാക്രമത്തിനുമുള്ള ലൈസൻസായി കലാശാലാരാഷ്ട്രീയം മാറിയിരിക്കുന്നുവെന്ന സുവിശേഷപ്രകാശിനിയുടെയും നിരീക്ഷണങ്ങൾ ക്രൈസ്തവപ്രസിദ്ധീകരണങ്ങളുടെ സമീപനത്തിനു പ്രാതിനിധ്യം വഹിക്കുന്നു. ഉന്നത വിദ്യാഭ്യാസവുമായി ഉറ്റബന്ധം പുലർത്തുന്ന കോളജധികൃതർ, ഇന്നത്തെയും ഇന്നലത്തെയും അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സമീപനവും ഏറെക്കുറെ സമാനമാണെന്നു അസീസിയിൽ പ്രസിദ്ധപ്പെടുത്തിയ കലാലയരാഷ്ട്രീയസർവേ വ്യക്തമാക്കുന്നു. വിദ്യാർത്ഥി സംഘടനകളെ സ്വന്തം പിണിയാളുകളാക്കി പഠിപ്പുമുടക്കിനും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കും സജ്ജമാക്കുകയാണു രാഷ്ട്രീയനേതൃത്വം ചെയ്യുന്നതെന്ന ഡോ. എം.വി. പൈലിയുടെയും, കലാലയത്തിനു പുറത്തുള്ള കലുഷരാഷ്ട്രീയത്തിന്റെ മറ്റൊരു പതിപ്പാണ് കലാലയരാഷ്ട്രീയമെന്ന ഡോ. ജെ.വി. വിളനിലത്തിന്റെയും അഭിപ്രായങ്ങൾ ഇവയോടു ചേർത്തു വായിക്കേണ്ടതാണ്. കാര്യക്ഷമമായ ഒരു പൗരസമൂഹത്തെ വളർത്തിയെടുക്കുന്നതിനുപകരം ഹിംസയിലും വ്യക്തിസ്വാതന്ത്ര്യനിഷേധത്തിലുമുള്ള പരിശീലനമാണ് രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥിസംഘടനകളിലൂടെ സാധിക്കുന്നതെന്ന് ആനന്ദ് എന്ന എഴുത്തുകാരന്റെ പ്രസ്താവത്തിന്റെ പൊരുളും മറ്റൊന്നല്ല.

മനുഷ്യനെ മറ്റു ജീവികളിൽ നിന്നു വേർതിരിക്കുന്ന ആത്മീയവും ധാർമികവുമായ കഴിവുകളെ വളർത്തി പൂർണതയുടെ പുതുമേഖലകളിലേക്കു നയിക്കുകയാണു വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. അതിൽ നിന്ന് ഏറെ പിന്നിലേക്കാണു ഇന്നു നമ്മുടെ നീക്കം. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടനകൾക്ക് ആ നീക്കത്തിലുള്ള പങ്ക് അൽപം മാത്രം. അവയുടെ നിരോധനം കൊണ്ട് പരിഹരിക്കാവുന്നതിൽ എത്രയോ അധികമാണു വിദ്യാഭ്യാസരംഗത്തു സംഭവിച്ചിരിക്കുന്ന പതനം. നിരോധനം പുതുപ്രശ്നങ്ങളെ സൃഷ്ടിക്കാനുള്ള സാധ്യതകളും അവഗണിക്കാനാവില്ല. അതുകൊണ്ടു തന്നെ ക്യാമ്പസ് രാഷ്ട്രീയത്തിന്റെ ദോഷഫലങ്ങൾ മാത്രം പരിഗണിച്ച് അതിനെ നിരോധിക്കുന്നതു ശരിയോയെന്ന് 'ആത്മീയ യാത്ര' പോലുള്ള പ്രസിദ്ധീകരണങ്ങൾ സംശയിക്കുന്നു. സംസ്ഥാനത്തിന്റെ ഭരണനേതൃത്വത്തിലുള്ളവരിലധികവും ക്യാമ്പസ് രാഷ്ട്രീയത്തിലൂടെ വളർന്നുവന്നവരാണെന്നും വിദ്യാഭ്യാസപരമായ അവകാശങ്ങൾ നേടാനും പൗരബോധം സൃഷ്ടിക്കാനും കലാലയ രാഷ്ട്രീയത്തിനു കഴിഞ്ഞിട്ടുണ്ടെന്നും, ആ നിലയ്ക്കു നിരോധനമല്ല നിയന്ത്രണമാണു വേണ്ടതെന്നും അവ ചൂണ്ടിക്കാണിക്കുന്നു. രാഷ്ട്രീയനിരോധനം വിദ്യാർത്ഥികളുടെ സംഘബോധത്തെ മതപരം പോലുള്ള കൂടുതൽ അപകടകരമായ ചാലുകളിലെത്തിക്കുകയില്ലേ എന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. നിരോധനത്തിന് രാഷ്ട്രീയകക്ഷികളും അവയുടെ ഭാഗമായ ഗവൺമെന്റും എത്രത്തോളം പിൻതുണ നൽകുമെന്ന ചോദ്യവും അപ്രസക്തമെന്നു പറഞ്ഞുകൂടാ.

പ്രതിബന്ധങ്ങൾ ഏറെയുണ്ടെങ്കിലും വിദ്യാഭ്യാസരംഗത്തെ ഒരു പ്രകാശബിന്ദുവായി കോടതിവിധിയെ നാം കാണേണ്ടിയിരിക്കുന്നു. സാക്ഷരതയിൽ ഏറ്റവും മുന്നിലെന്നവകാശപ്പെടുമ്പോഴും സിദ്ധാന്തപരവും പ്രായോഗികവുമായി ഏറെ പിന്നിലാണ് നമ്മുടെ വിദ്യാഭ്യാസമേഖല ഇന്ന്. ***ശാസ്ത്ര-സാങ്കേതികമേഖലകളിലുള്ള വികാസത്തെയും കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും ഉൾക്കൊള്ളുന്ന പുതിയൊരു വിദ്യാഭ്യാസപദ്ധതി ഉണ്ടാകുന്നില്ലെങ്കിൽ ആധുനികജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നാം പുറന്തള്ളപ്പെടും. വിദ്യാലയാധികൃതർ അവരുടെ കച്ചവടമനോഭാവത്തിൽ നിന്നും, അദ്ധ്യാപകർ അവരുടെ നിസ്സംഗതയിൽ നിന്നും മോചനം നേടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.*** വിദ്യാർത്ഥികൾ രാഷ്ട്രീയത്തിലേക്കു നീങ്ങുന്നതിൽ രാഷ്ട്രീയകക്ഷികൾക്കെന്നപോലെ കലാലയാധികൃതർക്കും അദ്ധ്യാപകർക്കും പങ്കുണ്ടെന്നു മറന്നുകൂടാ. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ കണ്ടെത്തുന്നതിനും, സാർത്ഥകജീവിതത്തിനു സഹായകമായ രീതിയിൽ അവയെ വഴിതിരിച്ചുവിടുവാനും നമ്മുടെ കലാലയങ്ങൾക്കു കഴിയണം. അതിനുള്ള നേതൃത്വം പണ്ടെന്നപോലെ ഇനിയും ക്രൈസ്തവസമൂഹത്തിൽ നിന്നാകണം.

രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടനകളുടെ നിരോധനമെന്നതു കൊണ്ട് രാഷ്ട്രീയത്തെ വിദ്യാഭ്യാസമേഖലയിൽ നിന്ന് അകറ്റി നിർത്തണമെന്നർത്ഥമില്ല. അകറ്റി നിർത്തപ്പെടുന്നത് ഇന്നത്തെ മട്ടിലുള്ള രാഷ്ട്രീയമാകണം. ക്രിസ്തുവിനു നാലു നൂറ്റാണ്ടു മുമ്പു ജീവിച്ചിരിക്കുകയും ക്രിസ്തുവിന്റേതുൾപ്പെടെയുള്ള ഉൽകൃഷ്ടാശയങ്ങളിൽ പലതിന്റെയും ഉറവിടമായി വർത്തിക്കുകയും ചെയ്ത ഗ്രീക്ക് തത്വചിന്തകൻ **പ്ലേറ്റോയുടെ റിപ്പബ്ലിക്കിൽ നാം പരിചയപ്പെടുന്ന ഒരു രാഷ്ട്രീയസങ്കൽപ്പമുണ്ടല്ലോ. ബുദ്ധിശക്തിയും ധീരതയും പാകതയും ഉചിതമായി സമന്വയിക്കുന്ന, അവിവേകങ്ങളിൽ നിന്നും അധാർമികയിൽ നിന്നും അതിമോഹങ്ങളിൽ നിന്നും അകന്നുനിൽക്കുന്ന ആ രാഷ്ട്രീയത്തിലേക്കു നാം മടങ്ങുക.** നമുക്കു വേണ്ടത്, ആ പുതിയ രാഷ്ട്രീയം. അതിലൂടെ യശയ്യാ പ്രവാചകൻ ഏറെക്കാലം മുമ്പ് ആശിച്ചതരത്തിൽ മണ്ണിൽ മുളപൊട്ടി വരുന്നതുപോലെയും തോട്ടത്തിൽ വിത്തു മുളയ്ക്കുന്നതുപോലെയും നമ്മുടെ മുമ്പിൽ നീതിയും സ്തുതിയും ഉയർന്നുവരട്ടെ. ◆

## PASTOR'S SEND - OFF

An elderly woman was weeping as she bade good-bye to the gentleman who had been pastor of her church for several years. 'My dear lady,' consoled the outgoing pastor, 'don't get so upset. The bishop surely will send a much better pastor to replace me here.'

"That's what they told us the last time", wailed the woman.



Editor: Dr. Mathew Koshy Punnackad ■ Printed at Learners

# THE CONFUSION THAT IS CSI

REV. A. C. OOMMEN

It is said of the British system of government that they have learned the art of muddling through confusion. Has the CSI taken a leaf out of their book? Look at the respected Moderator presiding over the consecration of a heretic! Even worse, look at the great leader of the Pentecostals accepting the laying-on of hands of a heathen-no second baptism, nor speaking in tongues (unless done in sleep!), nor membership among the believers. Or, look at the respected priests and honoured laymen of the CSI rallying round to protect the purity of their church.

When the emotions settle down, we can have a second look at the situation and assess it more calmly. There are several facts to be noted here: The leader of a Movement which was originally started as a protest against the formality and ritualism of the mainstream churches, wants the approval and blessings of the established church. Why? He must have felt that something is lacking in his own structures or that in the growing animosity to evangelism and conversion in India as a whole, there is a dire necessity of the church joining its forces together and closing ranks. Whatever be the motive, from the Church of India's point of view, it is good. The confusion may be more among his own people. Of course, money speaks.

The supreme head of the CSI felt the compelling conviction to break all rules and traditions to receive this prodigal son, kill a few sacred cows and celebrate the return. Did he count the cost? Moderatorship in the CSI is more an administrative appointment unlike other episcopal churches and the over-ruling power is very limited. He can only function within the parameter which the Constitution allows, and stepping out means losing authenticity. Knowing this, what made him take an apparently unwise step? Also, the presence of a former Moderator who is a well-known theologian and another bishop who is supposed to be an authority, makes it all the more surprising.

What is God doing? Did not the charisma passed on through the laying-on of hands, inspite of the mistakes, matter? **We have stories in church history of how the hand of an already dead Metropolitan was laid on the head of a bishop in order to assure apostolic succession! The Bible is full of stories of how God overruled human mistakes and brought something even better out of them.** Abraham sought a short cut to help God to fulfil His promise of his family becoming a blessing to the world. Ishmael was the result. God told him that he did go wrong, but accepted Ishmael as the head of another tribe. We can trust God with our mistakes and rest assured that He will bring something good out of it.

What are the theological implications? Episcopacy was a subject which caused a lot of debate at the church union meetings in the beginning. Though CSI accepted finally that the episcopal system is best suited in India, it was with strong reservations. Remember, there were thirty years of anomaly. Also, the Anglican Church dissociated with the CSI on this account. Later on, Lambeth came up with the statement that what is needed is not episcopally ordained priests but episcopally ordered churches. The CSI taught the mother church a lesson.

Re-defining the nature of the church. Is it a pond to which all streams flow-as one of the former Archbishops of Canterbury held-or is it a stream that is still flowing? **Is Reformation and movement for unity a one-time event or a principle to live by? Can the Holy Spirit be contained in the closed doors of Constitutions and by-laws, or can it be given a few chances to create confusion. Is the church an Institution or a Movement? Do we still acknowledge that division in the church is a sin**, as all ecumenical conferences starting with Amsterdam Assembly have declared? The founding fathers of the CSI made their vision clear that the CSI should not be a denomination among other denominations but remain a principle for unity of the whole church, prepared to lose its identity under the guidance of the Holy Spirit, for wider unity.


If we agree on these, the original question raised by the Moderator in his article which started the controversy, is still valid. Re-thinking CSI's relationship with the Mar Thoma Church on the one side and the Pentecostal churches on the other side. I am aware that I am treading on delicate and sensitive ground but Metropolitan Mar Chrysostom himself has opened the door in his latest book.

When the call for unity which led to the Tranqubar Consultation was issued, Metropolitan Abraham Mar Thoma was one of the signatories along with Bishop Azariah of Dornakal and the head of the Methodist Church. But when it beame obvious that the negotiations were progressing rapidly and that the formation of the united church was in the horizon, the Mar Thoma Church withdrew on the lame excuse that its priority is unity with the Orthodox Church. (Absolutely no progress has been made in this line during the past fifty years!) After the formation of the CSI in 1947, a Theological Commission comprising Mar Thoma and CSI representatives was formed. Outstanding people such as the late Prof. C. P. Mathew, Rev. C. V. John, Rev. M. G. Chandy (later Metropolitan Alexander Mar Thoma) and Dr. M. M. Thomas from the Mar Thoma Church, and Dr. Russell Chandran, Bishop T. B. Benjamin and others from the CSI were its members. The task of the Commission was to study the possibility of union. The Commission met at UTC, Bangalore and dispersed without transacting any business because of the differences within Mar Thoma delegates.

Later an Encyclical from the Bishops of the Mar Thoma Church came stating that the Church will be willing to negotiate with an 'All India Church' when it is formed without losing its identity and joining an organic union. The suggestion behind is that CSI is a regional church confined to South India while Mar Thoma Church is spread all over India. It must be remembered that the talks on unity in North India were at that time in an early stage only. The formation of a Church of India was remote. Metropolitan Juhanon Mar Thoma was very frank when he acknowledged that the rank and file of the Mar Thoma Church are not yet pre-

# രാഷ്ട്രപിതാവിന് ആദരാഞ്ജലി

റവ. ഡോ. വി. ഇ. വർഗീസ്



നൂറും മുപ്പതും വർഷമപ്പുറം ഭൂജാതനായ്,
നൂതനഭാരതത്തിൻ ശിൽപിയായ്, മഹാത്മാവായ്,
സത്യവുമഹിംസയും നീതിയും സന്മാർഗവും
സത്യാഗ്രഹത്തിൽ സമാഹരിച്ച മഹാത്മാവേ!

ലോകരാഷ്ട്രങ്ങൾക്കൊരു മാതൃകയാകുംവണ്ണം
നൂതനഭാരതത്തെ പണിവാൻ വെമ്പൽ കൊണ്ട
പുണ്യശ്ലോകനാം പണ്ഡിറ്റ് നെഹ്രുവിൻ പരാക്രമം
പണ്ടു കണ്ടൊരുക്കിയ പണ്ഡിതൻ മഹാത്മജി!

ഗിരിപ്രഭാഷണത്തിലെ കരുത്തിൻ സത്യങ്ങളെ
വരുത്താൻ സ്വജീവിതപന്ഥാവിൽ പരിശ്രാന്തൻ!
ക്രിസ്തുവിൽ വിരാജിച്ച സ്നേഹവും ത്യാഗാദിനൽ-
സത്യവും പകർത്തിടാൻ അർപ്പിച്ചു സ്വജീവിതം!

അക്രമമാർഗത്തൂടെ ശാന്തി കൈവരിച്ചിടാ!
അക്രമം പെരുപ്പിക്കുമക്രമ മാർഗങ്ങളെ!!
യുദ്ധഭീഷണികളാൽ രാഷ്ട്രങ്ങൾ പടുത്തിടാ:
"വാളെടുക്കുന്നോനെല്ലാം വാളാലെ നശിച്ചിടും"!

ഇത്യാദിസൂക്തങ്ങളെ മുറുകെപ്പിടിച്ചങ്ങു
സത്യമാം മാർഗത്തൂടേ രാഷ്ട്രത്തെ ചരിപ്പിപ്പാൻ
വ്യഗ്രത പൂണ്ടുപേറി സ്വാതന്ത്ര്യസമരങ്ങൾ
ഉഗ്രമാം ത്യാഗവ്യഥയേറ്റൊരു മഹാത്മാവേ!

ഭാരതമിന്നു വേറെ പാതയിൽ ചരിക്കുന്നു,
പാപികൾ ഞങ്ങൾക്കായി പ്രാർത്ഥിക്ക മഹാത്മാവേ!
രാഷ്ട്രപിതാവേ! അങ്ങേ രാഷ്ട്രത്തെ ഗ്രസിക്കുവാൻ
രാഷ്ട്രീയ രാക്ഷസന്മാർ കുതിച്ചു മുന്നേറുന്നു!

കള്ളവും കൈക്കൂലിയും അക്രമ മാർഗങ്ങളും
കള്ളും കരിഞ്ചന്തയും കാപട്യരാഷ്ട്രീയവും-
ഇന്നു ഞങ്ങൾക്കിതേ പറ്റുവെന്നായ് ബാപ്പുജീ!
ഇല്ല ചൊല്ലീടാൻ വേറേ നായകൻ വിശുദ്ധനായ്!!

മന്ത്രിക്കസേര കേറി മന്ത്രിച്ചു മയക്കീടും
മത്തന്മാർ മരുവുന്ന വേദിയായ് നേതൃത്വവും!
"കനകം കാമിനിമൂലം കലഹം സുലഭമായ്;"
കാശു സമ്പാദിക്കാത്തോൻ കശ്മലനെന്നായിന്ന്!!

പാവന പന്ഥാവതെ ത്യജിച്ചു ഭാരതീയർ
പാപപങ്കിലമായ പാതയിൽ ചരിക്കുന്നു
പുതിയ സഹസ്രാബ്ദപുലരിയെ ദർശിച്ചെങ്ങൾ; !
പുതുതായ് ദർശിക്കട്ടെ, സത്കർമമാർഗങ്ങളെ!

ജാതിസ്പർദ്ധയില്ലാത്ത സ്നേഹത്തിൻ ചൈതന്യത്താൽ
ജയിപ്പാൻ വിദ്വേഷത്തെ, വിതപ്പാൻ വിജ്ഞാനത്തെ,
സ്വയശോധനയാലെ ശുദ്ധരാകട്ടെ ഞങ്ങൾ
ഭയമേശാത്ത സൈ്വരസഞ്ചാരം ചെയ്തീടുവാൻ!

സത്യമാംമാർഗം ഞങ്ങൾക്കോതിടാൻ വന്നിടണേ,
പഥ്യമങ്ങയിൽ ശബ്ദമീ ഞങ്ങൾ ശ്രവിച്ചീടാൻ!
മിഥ്യയെ ത്യജിച്ചങ്ങു സത്യത്തെയാശ്ലേഷിപ്പാൻ
സത്യാഗ്രഹത്തിൻ സാരമീ ഞങ്ങൾ ഗ്രഹിച്ചിടാൻ!

കനകജൂബിലിയതിൻ കദനഭാരത്താലേ
കരഞ്ഞു വിലപിപ്പൂ ഭാരതമക്കൾ ഞങ്ങൾ:
രാമരാജ്യവുമില്ല ദൈവരാജ്യവുമില്ല,
ക്ഷേമരാഷ്ട്രമോ ഇന്നു കേവലം സ്വപ്നം മാത്രം!

വന്നാലുമിന്നീമന്നിൽ മിന്നുന്നവിളക്കുമായ്,
പിന്നാലേ ഗമിച്ചിങ്ങു കാണട്ടെ മാർഗം ഞങ്ങൾ!
പാപികൾ ഞങ്ങൾക്കായി പ്രാർത്ഥിക്കണേ ബാപ്പുജി,
പ്രാപ്യമായ് തീരാനങ്ങേ ദർശനമീ ഭൂമിയിൽ!!!

ഉണരട്ടെങ്ങൾ ഇന്നു ഗുരുവിൻ സ്മരണകളാൽ,
വണങ്ങട്ടങ്ങേ പാദപങ്കജം മുത്തം ചെയ്വാൻ!
ഈ സഹസ്രാബ്ദ വാഴ്ചയ്ക്കപ്പുറം ദർശിക്കുവാൻ
ഈശനേ! തുണയ്ക്കണേ ഇപ്പാപികൾ ഞങ്ങളെ!

pared to lose its identity.

Then the concept of conciliar unity came. Never in ecumenical theological circles this was considered as a substitute for organic unity but only as a step towards it. Is it better to acknowledge that the Mar Thoma Church, by and large, is not yet ready to venture into organic unity?

It is in this background that the Moderator suggested that the CSI and CNI should go forward to form an All India Church. One cannot see why the Mar Thoma Church should not continue to have the same relationship with that one church as it has now with the two churches. The words of the late Dr. M. M. Thomas still echoes in one's ears: ***'We have to push at the boundaries of the church with extra-legal peaceful action.'***

It is clear from the scriptures and from the history of the church that the Spirit of God always moves a step ahead. This creates confusion but that is in God's plan. Peter had to be converted before he reached out to the Centurion. Saul had to face stiff opposition before the church was ready to cut-off from the apron string of Mother Judaism. Abraham Malpan had to walk out of the Seminary before the Mar Thoma Church was formed. **So let us not avoid confusion but trust the Holy Spirit more to lead us on.** ◆◆



Editor: Dr. Mathew Koshy Punnackad ■ Printed at Learners Offset Pr...

# NEWS

### ഡബ്ല്യു സി.സി. ജനറൽ സെക്രട്ടറി

സഭകളുടെ ലോകകൗൺസിൽ ജനറൽ സെക്രട്ടറി ഡോ. കോൺറാഡ് റെയ്സറുടെ പിൻഗാമിയായി റവ. ഡോ. സാമുവൽ കോബിയ തിരഞ്ഞെടുക്കപ്പെട്ടു. ഡബ്ല്യൂ സി.സി. മോഡറേറ്റർ ആരാം പ്രഥമൻ കാതോലിക്കോസിന്റെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രകമ്മിറ്റിസമ്മേളനമാണ് തിരഞ്ഞെടുപ്പ് നടത്തിയത്. ഡോ. കോബിയ ഇപ്പോൾ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഒരു ഡയറക്ടറും ആഫ്രിക്കൻ പ്രതിനിധിയുമാണ്.

### കാപ്പിറ്റേഷൻ ഫീസ് ഒഴിവാക്കണം

വിദ്യാഭ്യാസപ്രവർത്തനങ്ങളെ സാമൂഹിക സേവനമായി കണക്കിലെടുത്ത് സഭാസ്ഥാപനങ്ങൾ പ്രവേശനത്തിനും നിയമനങ്ങൾക്കും സംഭാവനയും കാപ്പിറ്റേഷൻഫീസും വാങ്ങുന്നത് ഒഴിവാക്കണമെന്ന് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ അഭിപ്രായപ്പെട്ടു. അതേസമയം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സാമ്പത്തിക തകർച്ചയ്ക്കിടയാകാത്തവിധത്തിലുള്ള നയങ്ങളാവണം സംസ്ഥാനസർക്കാരിന്റേതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിദ്യാഭ്യാ യോഗ്യതയും കഴിവും അടിസ്ഥാനമാക്കിയാണ് അഡ്മിഷനും അധ്യാപകനിയമനങ്ങളും നടത്തേണ്ടതെന്നും കഴിവുള്ള വിദ്യാർത്ഥിയുടെ പഠനത്തിന് സാമ്പത്തിക പിന്നോക്കാവസ്ഥ ഒരിക്കലും തടസ്സമാകരുതെന്നും കർദ്ദിനാൾ പറഞ്ഞു.

### കെ. സി. സി. വാർത്തകൾ

### തോട്ടം മേഖലയിൽ ദുരിതാശ്വാസം

ദുരിതമനുഭവിക്കുന്ന തോട്ടം മേഖലയിൽ വിദ്യാർത്ഥികൾക്കു യൂണിഫോം വിതരണം, സൗജന്യ മെഡിക്കൽ ക്യാമ്പ്, ഉപരിപഠനസഹായം, പോഷകാഹാരവിതരണം, തുടങ്ങി ഒട്ടേറെ സഹായപദ്ധതികൾക്ക് കെ.സി.സി.യുടെ സർവീസ് കമ്മിറ്റി രൂപം നൽകി. പദ്ധതിപ്രകാരം പീരുമേടു താലൂക്ക് കേന്ദ്രീകരിച്ചു നടത്തിയ ചികിത്സാക്യാമ്പിൽ 1500-ഓളം രോഗികൾക്ക് വിദഗ്ധ പരിശോധനയ്ക്കു ശേഷം ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകി. വിവിധ സ്കൂളുകളിൽനിന്ന് തിരഞ്ഞെടുത്ത 300-ഓളം വിദ്യാർത്ഥികൾക്ക് യൂണിഫോമും വിതരണം ചെയ്യുകയുണ്ടായി.

## പ്രതികരണം

പ്രൊഫ. സാമുവൽ ഏബ്രഹാമിന്റെ "ന്യൂനപക്ഷവും വർഗീയതയും" എന്ന ലേഖനമാണ് ഈ കുറിപ്പിനാധാരം. "പട്ടികജാതി-പട്ടികവർഗത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർക്കു സർക്കാർ സംവരണം നിഷേധിക്കുന്നതു അപരാധമാണ്" എന്ന അഭിപ്രായത്തോടു ഞാൻ വിയോജിക്കുന്നു. ഒരാൾ ക്രിസ്തുമതം സ്വീകരിക്കുന്നതു നിർബന്ധത്താലല്ലെങ്കിലും മറ്റുള്ളവരുടെ പ്രേരണയാലാണ്. അപ്പോൾ അവരുടെ ഉന്നമനത്തിന് ക്രിസ്ത്യൻ സമൂഹം ഒന്നടങ്കം ബാദ്ധ്യസ്ഥമാണ്. സംവരണത്തിനർഹതയില്ലാത്ത ക്രിസ്ത്യാനിയാകയും അതേസമയം പഴയ ജാതിക്കു ലഭിക്കുന്ന സംവരണം വേണമെന്നു ചിന്തിക്കുകയും ചെയ്യുന്നത് യുക്തിക്കു നിരക്കുന്നതല്ല. ക്രിസ്തുമതം സ്വീകരിക്കുന്ന നിർദ്ധനരായവർക്കു ക്രിസ്ത്യൻ സമൂഹം നേരിട്ടു സംവരണം നൽകണമെന്നാണു എന്റെ അഭിപ്രായം; അതിനു നമുക്കു ബാദ്ധ്യതയുണ്ട്, സാദ്ധ്യതകളുമുണ്ട്.

*-സാമുവൽ മാത്യു, കുടശ്ശനാട്*

## Tamil Nadu Ordinance prohibiting forcible conversion

The relevant clauses of the Ordinance are as given hereunder:-

Prohibition of forcible conversion: No person shall convert or attempt to convert, either directly or otherwise, any person from one religion to another by the use of force or by allurement or by any fraudulent means nor shall any person abet any such conversion.

Punishment for contravention of provisions of section 3 : Whoever contravenes the provisions of section 3 shall, without prejudice to any civil liability, be punished with imprisonment for a term which may extend to three years and also be liable to fine which may extend to fifty thousand rupees : Provided that whoever contravenes the provisions of section 3 in respect of a minor, a women or a person belonging to Scheduled Caste or Scheduled Tribe shall be punished with imprisonment for a term which may extend to four years and also be liable to fine which may extend to one lakh of Rupees.

Intimation to be given to District Magistrate with respect to conversion. (1) Whoever converts any person from one religion to another either any performing any ceremony by himself for such conversion as a religious priest or by taking part directly or indirectly in such ceremony shall, within such period as may be prescribed, send an intimation to the District Magistrate of the district in which the ceremony has taken place of the fact of such conversion in such form as may be prescribed. (2) Whoever fails, without sufficient cause, to comply with the provisions of sub-section (1) shall be punished with imprisonment for a term which may extend to one year or with fine which may extend to one thousand rupees or with both.

Prosecution to be made with the sanction of District Magistrate. No prosecution for an offence under this Ordinance shall be instituted except by or with the previous sanction of the District Magistrate or such other authority, not below the rank of a District Revenue Officer, as may be authorised by him in that behalf.

Power to make rules : The State Government may make rules for the purpose of carrying out the provisions of the ordinance.

***Explanatory Statement :***

Reports have been received by the Government that conversions from one religion to another are made by use of force or allurement or by fraudulent means. Bringing in a legislation to prohibit such conversions will act as a deterrent against the antisocial and vested interest groups exploiting the innocent people belonging to depressed classes. It may also be useful to nip in the bud any attempts by certain religious fundamentalists and subversive forces to create communal tension under the grab of religious conversion. The Government has therefore decided to enact a law to prevent conversion by use of force or allurment or by fraudulent means.

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543

OCTOBER 2003

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05




*May 27, 1907*

*Shepperton*

*Vicar:* 'I am so glad your dear daughter is better. I was greatly pleased to see her in church this morning, and shortened the service on purpose for her.'

*Mother of dear daugher:* "Thank you, Vicar. I shall hope to bring her every Sunday now!"




Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam